കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലവടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.11-251/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി.01.06.2019
ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലവടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.11-251/2019 തീയതി.01.06.2019

# ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 20.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.02.2019മുതൽ<br>05.03.2019 വരെ | ശ്രീ.വി.കെ രഞ്ജീവ്. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുഷാ.ടി.പിള്ള സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | അഡ്വ.ജനൂബ് പുഷ്പാകരൻ | 01.04.2017മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. സിന്ധു.എസ് | 01.04.2017മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ജിജി തോമസ്സ് പ്രസാജ് | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | പി.കെ. വർഗീസ് | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ദിന വിനോദ് | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | മണിദാസ് വാസു | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | തൻസി ഷെരീഫ് | 30.10.2017 മുതൽ<br>05.02.2018 വരെ |
| | | ആനി മാത്യൂ | 05.02.2018 മുതൽ<br>31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഊതൽ ദാസ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | അനില സുരേഷ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| 5 | വി.ഇ.ഒ | അജിമോൻ | 01.04.2017മുതൽ<br>31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.പ്രശോഭ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.പ്രമിതാ പിള്ള | 01.04.2017മുതൽ<br>07.12.2017 വരെ |
| | | ഡോ.ജിഷാ<br>വാസുദേവൻ | 08.12.2017 മുതൽ<br>31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എലീസ.കെ | 01.04.2017മുതൽ<br>31.03.2018 വരെ |
| 9 | ഹെഡ്മിസ്ട്രസ്സ്, മോഡൽ യുപി.എസ്. | ശ്രീമതി. സുജാത | 01.04.2017മുതൽ<br>31.03.2018 വരെ |
| 10 | അസിസ്റ്റന്റ് എൻജിനീയർ | ആർ. ഓമന | 01.04.2017മുതൽ<br>31.05.2017 വരെ |

| | | | |
|---|---|---|---|
| | | | |
| | | മുംതാസ് | 22.06.2017മുതൽ 17.07.2017വരെ |
| | | പ്രിയങ്ക | 01.06.2017 മുതൽ 21.06.2017വരെ 08.11.2017മുതൽ 31.03.2018 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | സുരേഷ്. എ | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | സൽമാബീവി | 01.04.2017 മുതൽ 28.11.2017 വരെ |
| | | സിനി.എസ്.നായർ | 01.12.2017മുതൽ 31.03.2018 വരെ |
| 13 | സെക്രട്ടറി | സിന്ധു. എസ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | ബാങ്ക് അക്കൗണ്ട് നിർജ്ജീവം |
| 3 | 2-2 | വസ്തു നികുതി കുടിശിക - ഡിമാന്റിൽ കൂടുതൽ വരവ് |
| 4 | 2-3 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 5 | 2-4 | ഡി & ഓ - ലൈസൻസുകൾ യഥാസമയം പുതുക്കുന്നില്ല |
| ഭാഗം – 3 | | |
| 6 | 3-1 | സിമന്റ് കോൺക്രീറ്റ്:ഓഡിറ്റ് കണ്ടെത്തിയ അധിക ചെലവ് തിരിച്ചടച്ചു |
| 7 | 3-2 | തനത് ഫണ്ട് ചെലവുകൾ - സാധൂകരണ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 8 | 3-3 | പദ്ധതി നിർവ്വഹണം - അടങ്കലിൽ അധികരിച്ച് ചെലവ് നടത്തി |
| 9 | 3-4 | പരുത്തിമരം വിൽപ്പന – തുക പഞ്ചായത്ത് അക്കൌണ്ടിൽ ഒടുക്കിയില്ല |
| 10 | 3-5 | സ്ട്രീററ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത – |

| | | |
|---|---|---|
| | | അധിക തുക ചെലവഴിച്ചു |
| 11 | 3-6 | സ്ട്രീറ്റ് ലൈറ്റ് വാർഷിക മെയിന്റനൻസ് കരാറും - പുതിയവ സ്ഥാപിക്കലും - പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയില്ല |
| 12 | 3-7 | പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ - കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം നൽകി |
| 13 | 3-8 | രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു -ചെലവു രേഖകൾ പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചില്ല |
| 14 | 3-9 | അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു |
| 15 | 3-10 | പാലിന് സബ്സിഡി പദ്ധതി - പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല |
| 16 | 3-11 | ചെലവു രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-12 | പാലിയേറ്റീവ് കെയർ-മരുന്നുകൾ ലഭ്യമായതായി രേഖയില്ല |
| 18 | 3-13 | നിക്ഷേപ പ്രവർത്തികൾ - പൂർത്തീകരണ വിവിരം ലഭ്യമല്ല |
| 19 | 3-14 | 1.24 ലക്ഷത്തിന്റെ ടാർ കാണാനില്ല |
| 20 | 3-15 | എസ്.സി.പി പ്രോജക്ടുകൾക്ക് രേഖയില്ലാതെ ഫണ്ട് പിൻവലിച്ചു |
| 21 | 3-16 | പ്രോജക്ടുകൾ നടപ്പാക്കിയില്ല;ടാർവില പഞ്ചായത്ത് ഫണ്ടിന് നഷ്ടമായി |
| 22 | 3-17 | ടാറിന്റെ വില ഈടാക്കിയതിൽ കുറവ് |
| ഭാഗം – 4 | | |
| 23 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 25 | അനുബന്ധം.2 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 108168033 | 95657500 |
| വാർഷിക കണക്ക് പ്രകാരം | 41428684 | 46337144 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 22.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(64)/2018, 30.07.2018 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15890863 |
| വരവ് | 41428684 |
| ആകെ | 57319547 |
| ചെലവ് | 46337144 |
| നീക്കിയിരിപ്പ് | 10982403 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 1264800 | 1264800 | 8049492 | 4598508 |
| വികസനഫണ്ട് എസ്.സി.പി. | | 4064517 | 4064517 | 4059847 | 4670 |
| വികസനഫണ്ട് ടി.എസ്.പി. | | 32986 | 32986 | | 32986 |
| സംരക്ഷണഗ്രാന്റ് റോഡ് | | 5377000 | 5377000 | 4591398 | 785602 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2795000 | 2795000 | 1844459 | 950541 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 5939380 | 5939380 | 4654829 | 1284551 |
| കെ.എൽ.എസ്.ജി. ഡി പി | | 788356 | 788356 | 543949 | 244407 |
| എസ്സ് ബി ടി ഇ പേമെന്റ് | | 5146 | 5146 | | 5146 |
| എസ്സ്ജിആർവൈ ഡ്രോട്ട് | 92923 | 896 | 93819 | 0 | 93819 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3740906 | 2911717 | 6652623 | 5823434 | 829189 |
| സാക്ഷരത ഐഒബി | 4909 | 313 | 5222 | 29 | 5193 |

| | | | | | |
|---|---|---|---|---|---|
| ഐഓബി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 2091 | 80 | 2171 | 60 | 2111 |
| എം.എൻ.ആർ.ഇ. ജി. എസ് | 49839 | 617650 | 666889 | 588983 | 77906 |
| ഐഓബി എസ്സ്ജിആർവൈ | 1393 | 00 | 1393 | 00 | 1393 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 1162755 | 1162755 | 678736 | 484019 |
| ഐഓബി കുട്ടനാട് പാക്കേജ് | 262707 | 10181 | 272888 | 29 | 272859 |
| തനത് ഫണ്ട് ഐഒബി | 11206158 | 2494179 | 13700337 | 4988353 | 8711984 |
| ക്യാഷ് (തനത്) | | | | | |
| ഐഓബി എസ്സ്എസ്സ്എ | 9463 | 00 | 9463 | 00 | 9463 |
| ആകെ | | | | | |

1) ഫണ്ട് വരവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് സർക്കാർ നൽകിയ വിവിധ ഫണ്ടുകളുടെ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ ആർ.പി.7, ആർ.പി.31 എന്നിവയിലാണ് സർക്കാർ നൽകുന്ന ഗ്രാന്റുകളിൽ നിന്ന് ഗ്രാമപഞ്ചായത്ത് പിൻവലിക്കുന്ന യഥാർത്ഥ തുകയുടെ വിവരം ചേർക്കേണ്ടത്. ഈ തുകയും എ.സി.ആറിലെ പ്രോഗ്രസീവ് ടോട്ടൽ കോളവുമായി പൊരുത്തപ്പെടേണ്ടതാണ്. പൊരുത്തപ്പെടുന്നില്ലെങ്കിൽ അതിനുള്ള വിശദീകരണം അക്കൗണ്ട് കുറിപ്പുകളായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. അക്കൗണ്ടിംഗ് നിയമം ആവശ്യപ്പെടുന്ന ഇത്തരം ഗൗരവ സമീപനം വാർഷിക കണക്ക് തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പുലർത്തിയതായി കാണുന്നില്ല.

വാർഷിക കണക്കും എ.സി.ആറും തമ്മിലുള്ള വ്യത്യാസം താഴെ വിവരിക്കുന്നു.

| ഫണ്ട് | എ.സി.ആർ – പിൻവലിച്ച തുക | വാർഷിക കണക്കിൽ ചേർത്ത തുക |
|---|---|---|
| വികസന ഫണ്ട് -ജനറൽ | 8049492 | 71712021 |
| വികസനഫണ്ട് – എസ്.സി.പി | 4059847 | 3909847 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4654829 | 4433966 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 4591398 | 4265314 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 1844459 | 1715143 |

സർക്കാർ ഫണ്ട് 77.2 ലക്ഷം ചെലവഴിച്ചില്ല

തലവടിയിലെ ജനങ്ങളുടെ വികസനത്തിന് സർക്കാർ നൽകിയ ഗ്രാന്റുകൾ ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച. 2017-18 – ൽ സർക്കാർ നൽകിയ വിവിധ ഫണ്ടുകളിൽ 7718437/- രൂപയാണ് ഗ്രാമപഞ്ചായത്ത്

ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ആകെ 31510031/- രൂപ ലഭിച്ചു. ഇതിൽ 23791594/- രൂപ ചെലവഴിച്ചു. ബാക്കി 7718437/- രൂപയാണ് ചെലവഴിക്കാതെ പോയത്. ലഭിച്ച തുകയുടെ 75% മാണ് ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനായത്. ചെലവഴിക്കാൻ ബാക്കിയുള്ള ഫണ്ടുകളുടെ വിവരം മുകളിലെ പത്രികയിലെ അവസാന കോളത്തിൽ ചേർത്തത് കാണുക.

പ്രോജക്ട് ആസൂത്രണ നിർവ്വഹണപ്രക്രിയയിൽ വലിയ ദൗർബല്യങ്ങൾ ഉണ്ടെന്നതിന് തെളിവാണ് ഫണ്ട് ചെലവഴിക്കുന്നതിലെ വീഴ്ച. ആസൂത്രണപ്രക്രിയയിൽ തദ്ദേശീയരായ വിദഗ്ധരെ ഉൾക്കൊള്ളിച്ചും ജനപങ്കാളിത്തം ഉറപ്പാക്കിയും സർക്കാർ മാർഗ്ഗരേഖകൾ തുറന്ന് നൽകുന്ന നൂതനപ്രോജക്ടുകൾ ഉൾപ്പെടെ സാധ്യതകൾ പ്രാവർത്തികമാക്കിയും ഇതിനെ തരണം ചെയ്യേണ്ടതാണ്.

<u>പശ്ചാത്തലമേഖലയിൽ പ്രോജക്ടുകൾ പെരുകുന്നു</u>

ഗ്രാമപഞ്ചായത്തിൽ പശ്ചാത്തലമേഖലയിൽ പ്രോജക്ടുകൾ വലിയ പെരുപ്പം പ്രകടമാണ്. മുൻവർഷങ്ങളിലും ഇതായിരുന്നു സ്ഥിതി. ഓഡിറ്റ് വർഷം പശ്ചാത്തലമേഖലയിൽ 155 പ്രോജക്ടുകൾ അംഗീകരിച്ചു. ഇതിൽ 101 നടപ്പാക്കി. ബാക്കി 54 എണ്ണം നടപ്പാക്കാനായില്ല. അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളിൽ 50 എണ്ണം സ്പിൽഓവർ ആയിരുന്നു. സ്പിൽഓവർ അംഗീകാരം നേടിയ പ്രോജക്ടുകളിൽ 7 എണ്ണം നടപ്പാക്കിയില്ല. ആകെ പ്രോജക്ടുകളിൽ 105 എണ്ണം പുതിയതായിരുന്നു. ഇതിൽ 51 എണ്ണം മാത്രമാണ് നടപ്പാക്കാനായത്. ഈ സ്ഥിതിവിവരങ്ങൾ തന്നെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ലെന്നതിന്റെ സൂചനയാണ്.

പശ്ചാത്തലമേഖലയിൽ നടപ്പാക്കിയ 34 പ്രോജക്ടുകളുടേയും അടങ്കൽ 1 ലക്ഷത്തിൽ താഴെയായിരുന്നു. വലിയ പ്രോജക്ടുകൾ നാമമാത്രമാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെക്കുന്നു എന്നതിന്റെ സൂചനയാകാമിത്. പശ്ചാത്തലമേഖലയിലെ പ്രോജക്ട് ഫയലുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വലിയ വീഴ്ച കാണുന്നു. ലക്ഷങ്ങൾ ചെലവഴിക്കുന്ന മേഖലയിൽ ഒന്നിനും കൃത്യവും സുതാര്യവുമായ രേഖയില്ല. ആസ്തിരജിസ്റ്റർ കൃത്യമല്ല. മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയതായി കാണുന്നില്ല. വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പശ്ചാത്തലമേഖലയിൽ വലിയ തുക ചെലവഴിക്കുന്നത് ഫലപ്രദമാകുന്നുണ്ടോയെന്ന് സാങ്കേതിക ഓഡിറ്റ്/സോഷ്യൽ ഓഡിറ്റ് നടത്തി ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഭൂപരമായ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ ഉല്പാദനമേഖലാപദ്ധതികൾക്ക് വലിയ സാധ്യത കാണുന്നുണ്ട്. പശ്ചാത്തലമേഖലയ്ക്ക് വർഷങ്ങളായി നൽകി വരുന്ന വലിയ പ്രാധാന്യം വരുംവർഷങ്ങളിൽ ഉല്പാദനമേഖലക്ക് നൽകുന്നത് പരിഗണിക്കാവുന്നതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 205 | 22684883 | 143 | 17899686 | | 62 | 69.76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49839 | 618006 | 667845 | 589939 | 77906 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19724397 | 19724397 | 19724397 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ ആധാരമാക്കിയാണ് പത്രിക തയ്യാറാക്കിയത്. യഥാർത്ഥ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21480 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 13957200 | 1208 |
| വിധവാപെൻഷൻ | 6830700 | 572 |
| വാർദ്ധക്യകാലപെൻഷൻ | 16241600 | 1315 |
| വികലാംഗപെൻഷൻ | 2856000 | 244 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 348200 | 29 |
| വിവാഹധനസഹായം | 0 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-02-2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,932/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല. യഥാർത്ഥത്തിൽ ആഭ്യന്തരനിയന്ത്രണം ഗ്രാമപഞ്ചായത്തിൽ ഇല്ലെന്ന് പറയുന്നതാണ് കൂടുതൽ ശരി.

ഉദ്യോഗസ്ഥ തലത്തിൽ മാത്രമാണ് ആഭ്യന്തരനിയന്ത്രണം പരിമിതമായി ചലിക്കുന്നത്. ഗ്രാമപഞ്ചായത്ത് കമ്മറ്റി, സ്ഥിരം സമിതികൾ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിങ്ങനെ ത്രിതല ആഭ്യന്തര നിയന്ത്രണ സംവിധാനമാണ് അഭികാമ്യം. പൊതുഭരണവുമായി ബന്ധപ്പെട്ട ധനകാര്യ സ്ഥിരംസമിതി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ ഓഡിറ്റ് വർഷം എന്തെങ്കിലും ചെയ്തതായി തെളിവില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകളുടെ ജോലി വിശദീകരിച്ച് ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചത് സാമ്പത്തികവർഷം വളരെ പിന്നിട്ടതിന് ശേഷമാണ്. ഈ ഉത്തരവിൽ ദൈനംദിന പണം പിരിവ് ഒടുക്ക് എന്നിവ പരിശോധിക്കാനുള്ള ഉത്തരവാദിത്വം ആരിലും നിക്ഷിപ്തമാക്കിയിരുന്നില്ല. ഇത് ഓഫീസ് ഉത്തരവിന്റെ വലിയ ന്യൂനതയായി ഓഡിറ്റ് കരുതുന്നു. പണംപിരിവിന്റെ കൃത്യത പരിശോധിക്കാൻ മേൽനോട്ട സംവിധാനം ഇല്ലെന്നത് ക്രമക്കേടുകൾക്ക് പഴുതൊരുക്കുന്നതാണ്. അതിനാൽ ഓഫീസ് ഉത്തരവിൽ മാറ്റം വരുത്തി പണംപിരിവിന് മേൽനോട്ട ചുമതല ഉറപ്പുവരുത്തേണ്ടതാണ്.

ഓഫീസ് ഉത്തരവിലൂടെ നിക്ഷിപ്തമാക്കിയ ജോലികൾ സെക്ഷനുകൾ സമയബന്ധിതമായി ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ എഴുതുന്നതായി കാണുന്നില്ല (രജിസ്റ്ററുകൾ ഓഡിറ്റിന് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല). പേഴ്സണൽ രജിസ്റ്ററുകളുടെ അഭാവത്തിൽ സെക്ഷനുകൾ സേവനാവകാശ പ്രകാരമുള്ള സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാവില്ല. ഓഫീസ് ഉത്തരവ് അടിസ്ഥാനമാക്കിയുള്ള ജോലികളുടെ പൂർത്തീകരണം കൃത്യമായ ഇടവേളകളിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയോ ധന കാര്യ സ്ഥിരംസമിതിയോ മേൽപരിശോധന നടത്തിയിട്ടില്ല. ജനകീയ സമിതികളുടെ വിലയിരുത്തലില്ലാത്തത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തെ ദുർബലമാക്കിയേക്കും.

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം അതീവ ദുർബലമാണ്. സർക്കാർ ഉത്തരവ് നിർദ്ദേശിച്ച മിനിമം സൗകര്യങ്ങൾ പോലും പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസിൽ ഒരുക്കിയിട്ടില്ല. ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി ഫ്രണ്ട് ഓഫീസ് പൊതുജനസൗഹൃദസംവിധാനമാക്കാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

പതിമൂന്നാം പദ്ധതിയിലെത്തിയിട്ടും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കാൻ യാതൊരു ശ്രമവും ഗ്രാമപഞ്ചായത്തിനില്ല. ഗ്രാമപഞ്ചായത്തിനെ മികച്ച ജനസൗഹൃദ കേന്ദ്രമാക്കുവാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ആവശ്യമാണ്. ഇതിന് ആവശ്യമായ പ്രോജക്റ്റ് നടപ്പാക്കി എത്രയും വേഗം ഐ.എസ്.ഒ അംഗീകാരം വാങ്ങുവാൻ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

ആസ്തി രജിസ്റ്റർ പുതുക്കി കാലികമാക്കുന്നതിൽ ജാഗ്രത കാട്ടിയിട്ടില്ല. ഇൻകമ്പൻസി രജിസ്റ്റർ, ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ തികച്ചും കുത്തഴിഞ്ഞ രീതിയാലാണ് ഫയലുകൾ സൂക്ഷിച്ചിരിക്കുന്നത്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ക്രിയാത്മകമായി ഇടപെട്ടിട്ടില്ലെന്നതിന് തെളിവാണ് നിർവഹണോദ്യോഗസ്ഥർ ഫയലുകളിൽ കാട്ടിയിരിക്കുന്ന നിരുത്തരവാദിത്വം. ഗ്രാമപഞ്ചായത്തിന്റെ ആദ്യ ഓഡിറ്റർ കൂടിയാണ് ധനകാര്യ സ്ഥിരംസമിതി. ഓരോ മാസത്തേയും വരവ് ചെലവുകൾ അംഗീകരിക്കുന്നതിനൊപ്പം ആ വരവും ചെലവും കൃത്യമായി സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ തയാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് സ്ഥിരം സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

വലിയ ചെലവുകൾ വരുന്ന മേഖലകളിൽ ആ ചെലവ് സാധൂകരിക്കുന്നതിന് അനിവാര്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഉദാഹരണത്തിന് തെരുവ് വിളക്ക് പരിപാലന ചെലവ്. ലക്ഷങ്ങൾ ഈ മേഖലയിൽ ഓരോ വർഷവും ചെലവഴിക്കുമ്പോഴും അടിസ്ഥാന രജിസ്റ്ററുകളായ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

വിലപിടിപ്പുള്ള സ്റ്റോക്കുകൾ സൂക്ഷിക്കുന്നതിൽ യാതൊരു ജാഗ്രതയും പഞ്ചായത്തിനില്ല. ലക്ഷം രൂപയുടെ ടാർ കാണാനില്ലെന്നത് അല്ലെങ്കിൽ നശിച്ച് പോയെന്നത് ഗ്രാമ പഞ്ചായത്തിൽ ക്രമക്കേടുകൾക്ക് സംഭവ്യതാസാധ്യത ഉണ്ടെന്നതിന്റെ സൂചനയാണ്. ഇത് ആഭ്യന്തര നിയന്ത്രണ സംവിധാനം ഇല്ലെന്ന ഗുരുതരാവസ്ഥയുടെ തെളിവാണ്. അതിനാൽ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആദ്യപരിഗണന നല്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/01/19 | 2019 ജനുവരി | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 17.06.2017 മുതൽ 28.06.2017 വരെ | 2013-14 മുതൽ 2016-17വരെ | 31.07.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വാർഷിക കണക്കിലെ അപാകതകൾ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച കെ.എസ്.എ-എ.എൽ.പി-ജിഎ.4-1126(64)/2018; 30.07.2018 റിപ്പോർട്ടിൽ വിവരിച്ചത് കാണുക.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക് അക്കൗണ്ട് നിർജ്ജീവം

കുട്ടനാട് പാക്കേജ് ആർ ഒ പ്ലാന്റ് എന്ന പേരിലുള്ള 060901000022222-ാം നമ്പർ എസ്സ് ബി അക്കൗണ്ടിൽ 2,82,504.50 രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ 07/06/2016 മുതൽ ഇന്നേ തീയതി വരെ ഈ അക്കൗണ്ടിൽ യാതൊരു ട്രാൻസാക്ഷനം നടക്കുന്നില്ല. അതുകൊണ്ട് തന്നെ ഓരോ 6 മാസം കൂടുമ്പോഴും ഇൻഓപ്പറേറ്റീവ് അക്കൗണ്ട് ചാർജ്ജ് എന്ന പേരിൽ 29/- രൂപ പ്രകാരം നഷ്ടപ്പെടുന്നുണ്ട്. പലിശയിനത്തിൽ കുറച്ചു പണം ലഭിക്കുന്നുമുണ്ട്. അതുപോലെ നിർജ്ജീവാവസ്ഥയിലുള്ള മറ്റൊരക്കൗണ്ട് ദുരിതാശ്വാസ നിധിയുടേതാണ്. (അക്കൗണ്ട് നം. 51) കഴിഞ്ഞ ഒൻപതു വർഷമായി ഈ അക്കൗണ്ട് നിർജ്ജീവമാണ്. ആയതിനാൽ ഇൻഓപ്പറേറ്റീവ് അക്കൗണ്ട് ചാർജ്ജിനത്തിൽ പണം നഷ്ടപ്പെടുന്നുണ്ട്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 10 ന് മറുപടി ലഭ്യമാക്കിയില്ല. ഇത്രയും വലിയ തുക ഒരു പ്രയോജനവും ലഭിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 വസ്തു നികുതി കുടിശിക - ഡിമാന്റിൽ കൂടുതൽ വരവ്

വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ ഡിമാന്റ് 28,87,753/- രൂപ കളക്ഷൻ നടന്നത് 21,44,699/- രൂപ (74.26%).

വസ്തു നികുതിയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക സംബന്ധിച്ച് ചില പിശകുകൾ കടന്നു കൂടിയതായി കാണുന്നു. വാർഷിക കണക്കിൽ 2017-18 ലെ അരിയർ ഡിമാന്റ് 14,65,425/- രൂപയാണ്. എന്നാൽ കളക്ഷൻ നടന്നതായി കാണിച്ചിരിക്കുന്ന തുക 16,66,863/- രൂപ (113.74%). ഡിമാന്റിൽ പറഞ്ഞതിനേക്കാൾ 2,01,438/- രൂപ കൂടുതൽ പിരിവ് നടന്നിരിക്കുന്നു. വാർഷിക കണക്കിൽ സംഭവിച്ച ഈ വലിയ വ്യത്യാസത്തെ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 18 ന് മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കേണ്ടതും, ആയത് ഓഡിറ്റിൽ ഹാജരാക്കുവാനും ആവശ്യപ്പെട്ടിരുന്നു. ഇവയൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിഷയം ധനകാര്യ ക്ഷേമ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നു. ഇവരിൽ നിന്നും വാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്ത് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം -9 ന് നൽകിയ മറുപടിയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1) തോമസ് പ്രസാദ് എബ്രഹാം, പുത്തൻപുരയ്ക്കൽ, തലവടി. പി.ഓ

2) മനോഹരൻ, വെറ്റിലക്കണ്ടത്തിൽ, കാരിക്കുഴി.പി.ഓ

3) സോജൻ ഫ്രാൻസിസ്, ഉരുത്തേൽ, എടത്വാ.

4) മനോജ് ജോസഫ്, വേദംപറമ്പിൽ, അമിച്ചാകരി

5) സജീവ് കുമാർ, കൈകാട്ടുപറമ്പിൽ. കല്ലുങ്കൽ.പി.ഓ

6) രമേഷ് വി.ദേവ്, തെക്കുംഭാഗം

7) ഹോജിമിൻ, അരയശേരിൽ, കുന്തിരിയ്ക്കൽ

8) മോഹനൻ, തെക്കുംതലപ്പത്ത്, തലവടി

9) ധനഞ്ജയൻ

## 2-4 ഡി & ഓ - ലൈസൻസുകൾ യഥാസമയം പുതുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളും മറ്റും യഥാസമയം ലൈസൻസ് പുതുക്കുന്നില്ല എന്ന് കാണുന്നു. ഇതിന്റെ ഫലമായി മാസങ്ങളോളം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി നൽകണമെന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹനീയവുമായ വ്യാപാരങ്ങൾക്കുള്ള ലൈസൻസ് നൽകൽ)ചട്ടം, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) എന്നിവയുമാകുന്നു. എന്നാൽ പഞ്ചായത്തിലെ ഏതാനും ചില സ്ഥാപനങ്ങളൊഴികെ മറ്റാരും ഈ നിയമം പാലിക്കുന്നതായി കാണുന്നില്ല. അതുപോലെ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം - 8 ന് ലഭ്യമാക്കിയ മറുപടിയിൽ ഫെബ്രുവരി 28 നകം തന്നെ ലൈസൻസ് പുതുക്കണമെന്ന് വ്യാപാരികളോട് നേരത്തേ തന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും, ഇക്കാര്യത്തിൽ മേലിൽ ആവശ്യമായ നടപടികളെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രളയത്തിൽ നഷ്ടപ്പെട്ടുപോയിയെന്നും, പുതിയത് തയ്യാറാക്കിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും 1996-ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ പ്രകാരമുള്ള ഫൈൻ ഈടാക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സിമന്റ് കോൺക്രീറ്റ്:ഓഡിറ്റ് കണ്ടെത്തിയ അധിക ചെലവ് തിരിച്ചടച്ചു

ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ നടത്തിയ ഇന്റർലോക്കിംഗ് പ്രോജക്ടിൽ കോൺക്രീറ്റിംഗിന് അധികചെലവ്. ഓഡിറ്റിൽ കണ്ടെത്തിയ അധിക ചെലവ് 6144/-രൂപ ഉത്തരവാദിയായ മുൻ തൊഴിലുറപ്പ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു (രസീത് 118010103778/5.3.19 – 6144/- രൂപ).

2017-18 ലെ ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6-ാം വാർഡിൽ പപ്പനാവലിപ്പടി മുതൽ ആമ്പ്രയിൽ പടി വരെ റോഡ് ഇന്റർലോക്കിംഗ് എന്ന മരാമത്ത് പ്രോജക്ടിൽ ഓഡിറ്റ് കണ്ടെത്തിയ അധിക ചെലവാണ് തിരിച്ചടച്ചത്. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(07/27.02.19)ത്തെ തുടർന്നാണ് തുക തിരിച്ചടച്ചത്.

പ്രോജക്ടിന് 99439.45 രൂപ ചെലവഴിച്ചതായി കാണുന്നു. വേലയുടെ എം.ബുക്ക്(121/17-18) ഇനം 4 അനുസരിച്ച് 1.074$m^3$പിസിസി ചെയ്തതായി രേഖപ്പെടുത്തി 7019/- രൂപ ചെലവ് കാണിച്ചിരുന്നു. എം.ബുക്ക് അനുസരിച്ച് പിസിസിയുടെ അളവ് 53.6x0.4x0.05 ആണ്. മുൻ തൊഴിലുറപ്പ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 26.02.19ന് നടത്തിയ ഭൗതിക പരിശോധനയിൽ പിസിസിയുടെ വീതി 5സെ.മീൽ താഴെ മാത്രമാണെന്ന് വ്യക്തമായി. അതുതന്നെ റോഡിന്റെ ആകെ നീളത്തിൽ ഇല്ല. എസ്റ്റിമേറ്റ് നിർദേശപ്രകാരമുള്ള 20എം.എം മെറ്റൽ ഉപയോഗിച്ചതായും കാണുന്നില്ല. റോഡിന്റ ശരാശരി വീതി 2 മീറ്റർ മാത്രമാണ്. റോഡിന്റെ ആകെ നീളത്തിൽ ഇരുവശവും മതിലുമുണ്ട്. സ്ഥലപരമായ ഈ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ റോഡിന്റെ ആകെ നീളത്തിൽ 40 സെ.മീ വീതിയിൽ പിസിസി ചെയ്യുവാൻ കഴിയില്ല. അങ്ങനെ ചെയ്താൽ ഇനം.3 പ്രകാരമുള്ള ഇന്റർലോക്കിംഗ് എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ ചെയ്തിട്ടില്ലെന്ന് വ്യക്തമാകും. ഭൗതികപരിശോധനയുടെ അടിസ്ഥാനത്തിൽ 53.6x0.05x0.05=0.134$m^3$=875 രൂപ മാത്രമാണ് അനുവദനീയം. അതിനാൽ 6144/-രൂപ അധികചെലവായി നിർണയിക്കുന്നു. ഈ തുകയാണ് ഓഡിറ്റ് നിർദേശത്തെ തുടർന്ന് തിരിച്ചടച്ചത്. തുക തിരിച്ചടച്ചതിനാൽ ഈ ഖണ്ഡികയിൽ തുടർ നടപടി ആവശ്യമില്ല. തുക തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലേക്ക് മാറ്റി പദ്ധതി ആവശ്യത്തിന് മാത്രം ചെലവഴിക്കേണ്ടതാണ്.

## 3-2 തനത് ഫണ്ട് ചെലവുകൾ - സാധൂകരണ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

ച്ചുവടെ ചേർത്തിരിക്കുന്ന തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 13/28.2.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 43700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെലവിന്റെ വിശദാംശം | ചെക്ക് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | 108-5/17 | 12.5.17 ന് നടന്ന ബ്രിക്ക് നിർമ്മാണ യൂണിറ്റ് ട്രയിനിങ്ങിന് ആവശ്യമായ സിമന്റ്, ചിപ്സ്, എം.സാന്റ് എന്നിവ വാങ്ങിയതിന്റെ വിലയും വണ്ടി വാടകയും | | 4418 (3518 + 900) | ഏത് പദ്ധതിയുമായി ബന്ധപ്പെട്ട ട്രയിനിങ് ആണെന്നതിന്റെ വിശദാംശം, ട്രയിനിങ് പങ്കെടുത്തവരുടെ വിശദാംശം, പരിശീലനാർത്ഥികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് തനത് ഫണ്ട് ചെലവഴിച്ചതിനുള്ള കാരണം എന്നിവ ലഭ്യമാക്കിയില്ല. |
| 2. | 21700427/4.10.17 ചെക്ക് നം.595603/10.10.17 | ഓഫീസ് കാബിൻ റിപ്പയറിങ്ങിന് ചെലവഴിച്ച തുക | 595603/ 10.10.17 | 14982 | മരാമത്ത് സ്വഭാവമുള്ള ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ, എന്നിവ ഇല്ലാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 6802/- രൂപയ്ക്കുള്ള പ്ലൈവുഡും അനുബന്ധ സാധനങ്ങളും ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ഈ പ്രവർത്തിയുടെ കാർപെന്റർ വർക്കിന് കൂലിയായി 5640 രൂപയും (3x8 manday)<br>പെയിന്റ് ചെയ്തതിന്റെ കൂലിയായി 700/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ജോലിക്കൂലി നിർണ്ണയിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവുകൾ ലഭ്യമാക്കിയില്ല. |
| 3. | 21700443/10.10.17 ചെക്ക് നം.595604/10.10.17 | ജയശ്രീ എന്നയാൾ ആഗസ്റ്റ് മാസം 16-19,21 തീയതികളിൽ പ്ലാൻ ഇംപ്ലിമെന്റേഷൻ<br>ഗുണഭോക്തൃ ലിസ്റ്റും, 22.8.17 – 31.8.17 വരെയും 2.9.17, 7.9.17, 8.9.17 | | 10800 (16x 675) | പരാമർശിത ജോലികൾ ഡേറ്റാ എൻട്രി ജോലികൾ പുറത്ത് നിന്ന് ഒരാളെ നിയോഗിച്ച് ചെയ്യാൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല. |

| | | | | | |
|---|---|---|---|---|---|
| | | തീയതികളിലും ലൈഫ് മിഷൻ അപ്പീലും ഡേറ്റ എൻട്രി നടത്തിയതിന്റെ ദിവസക്കൂലി നൽകിയത് | | | |
| 4. | 21700178/23.6.17 | പദ്ധതി സമർപ്പണവുമായി ബന്ധപ്പെട്ട ഡേറ്റ എൻട്രി നടത്തിയതിന് ജയശ്രീ ബിജുവിന് നൽകിയ തുക | | 8100 (12x 675) | പദ്ധതി സമർപ്പണവുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി ജോലികൾ പുറത്ത് നിന്ന് ഒരാളെ നിയോഗിച്ച് ചെയ്യാൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല. |
| 5. | 21700179/23.6.17 | പദ്ധതി സമർപ്പണവുമായി ബന്ധപ്പെട്ട ഡേറ്റ എൻട്രി നടത്തിയതിന് സോണിയ മുരുകന് നൽകിയ തുക | | 5400 (8x 675) | പദ്ധതി സമർപ്പണവുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി ജോലികൾ പുറത്ത് നിന്ന് ഒരാളെ നിയോഗിച്ച് ചെയ്യാൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല. |
| | | ആകെ | | 43700/- | |

## 3-3 പദ്ധതി നിർവ്വഹണം - അടങ്കലിൽ അധികരിച്ച് ചെലവ് നടത്തി

പദ്ധതി രൂപീകരണ ചെലവിനായുള്ള (പ്രോജക്ട് നം. - SOOO5/18, നിർവ്വഹണം - സെക്രട്ടറി) പ്രോജക്ടിന് വികസനഫണ്ടിൽ നിന്ന് 50,000/- രൂപയും തനത് ഫണ്ടിൽ നിന്ന് 50,000/- രൂപയും ചെലവഴിക്കുന്നതിനാണ് അംഗീകാരം ലഭിച്ചിരുന്നത്. രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണ ഫോറങ്ങളും നോട്ടീസുകളും പ്രിന്റ് ചെയ്യുന്നതിന് 49,600/- രൂപ വികസനഫണ്ടിൽ നിന്നും തനത്ഫണ്ടിൽ നിന്ന് പരസ്യചെലവിനായി 92,400/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അംഗീകൃത പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ വകയിരുത്തിയത് 50,000/- രൂപ മാത്രമാണ്. അടങ്കലിൽ അധികരിച്ച് തനത് ഫണ്ടിൽ തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. പരസ്യ ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 16/1.3.19 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 42,400/- രൂപയുടെ ( 92,400 – 50,000) ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നിർവ്വഹണത്തിനാവശ്യമായ വിവധ ഫോറങ്ങളും നോട്ടീസുകളും പ്രിന്റ് ചെയ്തതിന് 49600/- രൂപ നെൽസൺ പ്രിന്റിംഗ് പ്രസ്സ്, നീരേറ്റുപുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ, ടിയാനെ പ്രവർത്തി ഏൽപ്പിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം, സ്റ്റോക്ക് വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 26/2.3.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 49600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിശദാംശം

ബിൽ നമ്പർ - proj 1/18/16.1.18– 49,600/-

ചെക്ക് നമ്പർ - 595588/ 20.9.17 – 16800/

ചെക്ക് നമ്പർ - 595617/26.10.17 – 8400/

ചെക്ക് നമ്പർ - 595560/8.8.17 – 8400/-

ചെക്ക് നമ്പർ - 595642/18.11.18 – 25,200/-

ചെക്ക് നമ്പർ - 595695/ 15.1.18 -- 8400/-

ചെക്ക് നമ്പർ - 595712/29.1.18 - 8400/-

ചെക്ക് നമ്പർ - 595745/9.3.18 – 8400/-

ചെക്ക് നമ്പർ - 595766/ 21.3.18 – 8400/-

## 3-4 പരുത്തിമരം വിൽപ്പന – തുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയില്ല

ഗവ.മോഡൽ യു.പി.എസ്. പരിസരത്ത് അപകടകരമായ നിലയിൽ നിന്ന പരുത്തി മരം വെട്ടി മാറ്റിയതിന് തനത്ഫണ്ടിൽ നിന്ന് 6500/- (വൗച്ചർ നമ്പർ 21700275/4.8.17, ചെക്ക് നമ്പർ - 595560/4.8.17) സ്കൂൾ ഹെഡ് മിസ്ട്രസ്സിന് നൽകിയിട്ടുണ്ട്. ഇതിന്റെ മരത്തിന്റെ വാല്യൂവേഷൻ, വെട്ടിയ മരം ലേലനടപടികളുടെ വിശദാംശങ്ങൾ, തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം, വെട്ടുകൂലി നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഹെഡ്മിസ്ട്രസ്സിന് ഓഡിറ്റ് അന്വേഷണം (13/28.2.19) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഹെഡ്മിസ്ട്രസ്സിന്റെ വാക്കാലുള്ള മറുപടിയിൽ ഈ മരം വിൽപ്പന നടത്തുകയും തടി സ്കൂൾ പരിസരത്ത് നിന്ന് കൊണ്ടുപോയിട്ടുള്ളതായും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ മരം വിറ്റതിന് ലഭിച്ച തുക ഓഡിറ്റ് അവസാനിക്കും വരെയും ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിരുന്നില്ല. മരം വിറ്റ് കിട്ടിയ തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 29/5.3.19 നൽകിയതിന് തുക ഒടുക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പരുത്തി മരം വിൽപ്പന നടത്തിയതിലൂടെ ലഭിച്ച തുക പലിശ ഉൾപ്പെടെ അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലൊടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വെട്ട് കൂലി നൽകിയതിന്റെ ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ 6500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സ്ട്രീററ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത – അധിക തുക ചെലവഴിച്ചു

പ്രോജക്ട് നം - S0005/18

അടങ്കൽ - 2,22,442/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ്

ബിൽ നമ്പർ - proj 5/18 23.3.18 – 150230/-

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി 15 watt ന്റെ 160 സി.എഫ്.എൽ. ബൾബുകളും (160 x 98 = 15680) 78 എഫ്.എൽ. ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് 2x11 watt ഡസ്ക്ക് ടു ഡൌൺ ഓട്ടോമാറ്റിക് ഓപ്പറേഷൻ വിത്ത് ഓൾ അസ്സസ്സറീസും ( 78 x 1725 = 134550) തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 23.3.18 ലെ 1(2) നമ്പർ തീരുമാന പ്രകാരം 2, 3, 6,11,13 വാർഡുകളിലേക്ക് വാങ്ങിയ 160 സി.എഫ്.എൽ. ലൈറ്റുകൾ പോസ്റ്റുകളിൽ ഫിറ്റ് ചെയ്യേണ്ടതുണ്ടെന്നും എ.എം.സി. പ്രോജക്ടിലെ തുക പൂർണ്ണമായി ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിലും പുതിയതായി ക്വട്ടേഷൻ ക്ഷണിക്കുന്നതിനോ പ്രോജക്ട് റിവൈസ് ചെയ്യുന്നതിനോ സമയ പരിധി ഇല്ലാത്തതിനാലും എ.എം.സി. പ്രകാരം സി.എഫ്.എൽ. ഫിറ്റ് ചെയ്യുന്ന റേറ്റിൽ കരാറുകാരനെ കൊണ്ട്

അടിയന്തിരമായി 160 സി.എഫ്.എൽ. ലൈറ്റുകൾ ഫിറ്റ് ചെയ്യുന്നതിനും ആവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചുവെന്നാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 25.8.17 ലെ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായുള്ള പ്രോജക്ടിന് കെ.എസ്.ഇ.ബി. നിരക്കിൽ ലിമിറ്റ് ചെയ്യതാണ് അറ്റകുറ്റപ്പണിക്കും പുതിയവ സ്ഥാപിക്കുന്നതിനുള്ള നിരക്ക് നൽകേണ്ടത്. കെ.എസ്.ഇ.ബി. യുടെ നിരക്ക് സംബന്ധിച്ച (SBU-D) BO (FTD) No. 2495/ 2016 (No D (D&S)/D6-AE 1/Proposal 02/2015) Dtd Tvpm, 25.08.2016 നമ്പർ ഉത്തരവിലെ ഇനം നമ്പർ 609 പ്രകാരം Replacing CFL/LED on existing street light എന്ന ഇനത്തിന് നൽകാവുന്ന നിരക്ക് 45.50/- രൂപ മാത്രമാണ്. എന്നാൽ 160 സി.എഫ്.എൽ. ബൾബുകൾ വിവിധ വാർഡുകളിൽ ഫിറ്റ് ചെയ്തതിന് ബൾബൊന്നിന് 150 /- രൂപ പ്രകാരം 24000/- രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് (വൌച്ചർ നമ്പർ 21700824/ 31.3.18, ചെക്ക് നമ്പർ 595776/ 31.3.18) ശ്രീ.കെ.വി. അനിൽകുമാർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. നിരക്ക് പ്രകാരം 7280/- രൂപ (160 x 45.50) മാത്രം കരാറുകാരന് നൽകേണ്ടിയിരിക്കെ ഉയർന്ന നിരക്ക് നൽകുക വഴി 16720/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. ഈ തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

കെ.എസ്.ഇ.ബി. അധികൃതരോ, മേൽ വാർഡുകളിലെ മെമ്പറൻമാരോ, ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിന്റേയോ പ്രവർത്തി നടന്നതായുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.ആയതിനാൽ നിരാകരിച്ചതിനു ശേഷമുള്ള 7280/- രൂപയുടെ ചെലവും 160 സി.എഫ്.എൽ. ബൾബുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 15680/- രൂപയും തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിലുൾപ്പെടുത്തി 78 സി.എഫ്.എൽ. ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് 2x11 watt ഡസ്ക് ടു ഡൗൺ ഓട്ടോമാറ്റിക് ഓപ്പറേഷൻ വിത്ത് ഓൾ അസ്സസ്സറീസിനായി ചെലവഴിച്ച 134550/- രൂപയിൽ 9750/- രൂപ (78 x125) ഇൻസ്റ്റലേഷൻ ചാർജ്ജിനായാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഉപകരണങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് യാതൊരു വിശദാംശവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണവിവരം ഉത്തരവാദിത്തപ്പെട്ടവർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കെ.എസ്.ഇ.ബി. അധികൃതരോ, വാർഡുകളിലെ മെമ്പറൻമാരോ, ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിന്റേയോ പ്രവർത്തി നടന്നതായി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുമില്ല. മേൽ അപാകതകളാൽ 134550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അപാകതകളിൻ മേൽ ഓഡിറ്റ് അന്വേഷണം 21/2.3.19 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 3-6 സ്ട്രീറ്റ് ലൈറ്റ് വാർഷിക മെയിന്റനൻസ് കരാറും - പുതിയവ സ്ഥാപിക്കലും - കെ.എസ്.ഇ.ബി. നിരക്കിൽ അധികരിച്ച് തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | SOOO7/18 |
| അടങ്കൽ | 3,00,000/- തനത് ഫണ്ട് |
| ചെലവ് | |
| ചെക്ക് നമ്പർ | 595612/ 24.10.17 – 97,500/-<br>595659/ 12.12.17 – 1,72,446/- |
| ചെക്ക് നമ്പർ | 595612/ 24.10.17 – 97,500/-<br>595659/ 12.12.17 – 1,72,446/- |
| നിർവ്വഹണം | സെക്രട്ടറി |

സ്ട്രീറ്റ് ലൈറ്റ് വാർഷിക മെയിന്റനൻസ് കരാറും - പുതിയവ സ്ഥാപിക്കലും എന്ന പ്രോജക്ടിനായി 12.7.17, 8.8.17

തീയതികളിൽ സി 2 - 01/17 നമ്പരായി യഥാക്രമം ടെണ്ടർ, റീടെണ്ടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നു. റീ ടെണ്ടറിൽ അനിൽകുമാർ, കല്ലൂപ്പാറ പറമ്പിൽ എന്നയാൾ മാത്രമാണ് പങ്കെടുത്തിരുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ 25.8.17 ലെ 1-ാം നമ്പർ തീരുമാനം ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ കത്താതിരിക്കുന്നെന്ന് വ്യാപകമായി പരാതിക്കിടയാക്കുന്ന സാഹചര്യത്തിൽ അനിൽകുമാർ, കല്ലൂപ്പാറ പറമ്പിൽ, മഞ്ഞാടി, തിരുവല്ല എന്നയാൾ സമർപ്പിച്ച സിങ്കിൾ ടെണ്ടർ അംഗീകരിക്കുകയും നിരക്കുകൾ കെ.എസ്.ഇ.ബി. റേറ്റിൽ ലിമിറ്റ് ചെയ്ത് നൽകുന്നതിനും തീരുമാനിച്ചുവെന്നാണ്. എന്നാൽ കെ.എസ്.ഇ.ബി. റേറ്റിൽ ലിമിറ്റ് ചെയ്ത് നൽകുന്നതിനുള്ള കമ്മറ്റി തീരുമാനം അനിൽകുമാർ, കല്ലൂപ്പാറ പറമ്പിൽ, എന്നയാളെ അറിയിച്ചതിന്റെ വിശദാംശങ്ങളും ടിയാൻ കെ.എസ്.ഇ.ബി. റേറ്റിൽ ലിമിറ്റ് ചെയ്ത് പ്രവർത്തികൾ ചെയ്യാമെന്ന് അറിയിച്ചതിന്റെയും രേഖകളും ലഭ്യമല്ല.

ശ്രീ. അനിൽകുമാർ ലഭ്യമാക്കിയ റീ ടെണ്ടറിൽ ഫോമിൽ പോസ്റ്റുകളിൽ നിലവിലുള്ള ലൈറ്റുകൾ മാറ്റി റീ വയർ ചെയ്ത് ഹോൾഡർ റിപ്പയർ/റീപ്ലെയ്സ് ചെയ്ത് ബൾബ് മാറ്റിയിടുന്നതിനുള്ള നിരക്കാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ റിപ്പയറിങ് ആവശ്യമില്ലാത്ത ബൾബ് മാത്രം മാറ്റിയിടേണ്ട പോസ്റ്റുകളിലെ നിരക്ക് എപ്രകാരം നിർണ്ണയിക്കുമെന്നത് വ്യക്തമല്ല. മനോരമ ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ പരസ്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന G55448/2017 നമ്പർ വിൻഡോ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ അറ്റകുറ്റപ്പണി നടത്തേണ്ടതും പുതിയതായി സ്ഥാപിക്കേണ്ടതുമായ ഓർഡിനറി ബൾബ്, സി.എഫ്.എൽ., എൽ.ഇ.ഡി. ബൾബുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവയുടെ എണ്ണം വിശദമാക്കിയിട്ടില്ല. വിൻഡോയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ ടെണ്ടർ, റീ ടെൻഡറിൽ പങ്കെടുക്കേണ്ടവർക്ക് ഗ്രാമപഞ്ചായത്തിന് ആവശ്യമായ സേവനങ്ങളുടേയും സാധനങ്ങളുടേയും വിശദാംശം എപ്രകാരം ലഭ്യമാകുമെന്നത് വ്യക്തമല്ല. അംഗീകൃത പ്രോജക്റ്റിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി വാർഡ് തിരിച്ചുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പൊതുജനങ്ങളും വാർഡ് മെമ്പറൻമാരും ലഭ്യമാക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയോ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ ചേർത്ത് മെയിന്റനൻസ് കരാറുകാരന് കൈമാറി പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. തെരുവ് വിളക്കുകൾക്കായുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം വാങ്ങിയ എല്ലാ ഉപകരണങ്ങളും ശ്രീ.അനിൽകുമാർ 2017-18 വർഷം ഒറ്റത്തവണയായി കൈപ്പറ്റിയിട്ടുണ്ട്. ഉപകരണങ്ങൾ ആവശ്യകതക്ക് ആനുപാതികമായി വിതരണം ചെയ്യാതെ ഒറ്റത്തവണ വിതരണം ചെയ്തത് ക്രമപ്രകാരമല്ല.

പ്രോജക്റ്റും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 2, 3, 6, 11, 13 വാർഡുകളിൽ 650 സി.എഫ്.എൽ. സ്ഥാപിച്ചതിന് 150/- രൂപ വെച്ച് 97500/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 25.8.17 ലെ തീരുമാന പ്രകാരം കെ.എസ്.ഇ.ബി. നിരക്കിൽ ലിമിറ്റ് ചെയ്തതാണ് അറ്റകുറ്റപ്പണിക്കും പുതിയവ സ്ഥാപിക്കുന്നതിനുള്ള നിരക്ക് നൽകേണ്ടത്. കെ.എസ്.ഇ.ബി. യുടെ നിരക്ക് സംബന്ധിച്ച (SBU-D) BO (FTD) No. 2495/ 2016 (No D (D&S)/D6-AE 1/Proposal 02/2015) Dtd Tvpm, 25.08.2016 നമ്പർ ഉത്തരവിലെ ഇനം നമ്പർ 609 പ്രകാരം Replacing CFL/LED on existing street light എന്ന ഇനത്തിന് നൽകാവുന്ന നിരക്ക് 45.50/- രൂപ മാത്രമാണ്. ഇതനുസരിച്ച് കരാറുകാരന് നൽകാവുന്നത് 29,575 രൂപ (650 x 45.50) മാത്രമാണ്. എന്നാൽ കെ.എസ്.ഇ.ബി. നിരക്ക് പരിഗണിക്കാതെ 650 സി.എഫ്.എൽ. സ്ഥാപിക്കുന്നതിന് 150 രൂപ നൽകുക വഴി 67925/- രൂപയുടെ (97500 - 29,575) അധിക ചെലവുണ്ടായിട്ടുണ്ട്. കരാറുകാരൻ തുക ലഭിക്കുന്നതിന് വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ ബൾബുകൾ/എൽ.ഇ.ഡി./സി.എഫ്.എൽ. സ്ഥാപിച്ചതായി രേഖപ്പെടുത്തി വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തലോടെ നൽകിയ അപേക്ഷയിലൊരിടത്തും ലൈറ്റുകൾ അറ്റകുറ്റപ്പണി ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടിയാൻ കൈപ്പറ്റിയ പെൻഡന്റ് ഹോൾഡറോ, അലൂമിനിയം കോയിലോ ഉപയോഗിച്ചതായി രേഖപ്പെടുത്തുകയോ അവ മെമ്പറൻമാരോ, കെ.എസ്.ഇ.ബി. അധികതരോ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ 67925/- രൂപ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 1, 4, 5, 7, 8, 9, 12, 14, 15 വാർഡുകളിൽ 482 എൽ. ഇ.ഡി. ബൾബുകൾ കരാറുകാരൻ വാങ്ങി സ്ഥാപിച്ചതായുള്ള അപേക്ഷയും മെമ്പറൻമാരുടെ സാക്ഷ്യപത്രവും പരിഗണിച്ച് 420/- രൂപ നിരക്കിൽ നൽകേണ്ട 201600/- രൂപയിൽ റീ ടെൻഷൻ 29154/- കുറച്ച് 1,72,446/- രൂപ നൽകിയിട്ടുണ്ട്. മെമ്പറൻമാരും കരാറുകാരനും എൽ.ഇ.ഡി. ബൾബ് മാറ്റിയിട്ടെന്ന് മാത്രമാണ് അപേക്ഷയിലും സാക്ഷ്യപത്രത്തിലും

രേഖപ്പെടുത്തിയിരിക്കുന്നത്. കെ.എസ്.ഇ.ബി.യുടെ ലേബർ നിരക്കിന്റെ ഉത്തരവ് അനുസരിച്ച് എൽ.ഇ.ഡി. ബൾബുകൾ മാറ്റിയിടുന്നതിന് 45.50 രൂപ പ്രകാരം 482 എണ്ണത്തിന് 21931/- രൂപയാണ് നൽകാവുന്നത്. അതായത് ഒരു ബൾബ് മാറ്റിയിടുന്നതിന് നൽകിയ 420/- രൂപയിൽ ബൾബുകൾ മാറ്റിയിടുന്നതിന് നൽകാവുന്ന നിരക്ക് 45.50 രൂപ കുറച്ചുള്ള 374.50 രൂപ 9 watt എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ കരാറുകാരൻ പ്രവർത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കാത്തതിനാൽ 374.50 രൂപ ചെലവായിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. 9 watt എൽ.ഇ.ഡി. ബൾബിന് 2019 ലെ വിപണി വില കണക്കാക്കിയാൽ പോലും 150/- രൂപ മാത്രം ചെലവ് വരുമെന്നിരിക്കെയാണ് ഒരു ബൾബിന് 74.50 രൂപ നൽകിയത്. ആയതിനാൽ സാധനം വാങ്ങിയതിന്റെ ബിൽ ഹാജരാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതുവരെ 179011/- (374.5 x 478) രൂപ തടസ്സപ്പെടുത്തുന്നു. ഈ പ്രവർത്തി ഒരു കരാർ പ്രവർത്തി എന്ന നിലക്കാണ് ചെയ്തിട്ടുള്ളതെങ്കിൽ നിയമപരമായ നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (19/1.3.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നിന് കെ.എസ്.ഇ.ബി. യുടെ അനുമതി വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലേയും അറ്റകുറ്റപ്പണി/ലൈറ്റ് സ്ഥാപിക്കൽ പ്രവർത്തി പൂർത്തീകരണം സംബന്ധിച്ചുള്ള കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സി 2 - 01/17 തീ.13.10.17 നമ്പർ വർക്ക് ഓർഡറിലെ 6-ാം നമ്പർ വ്യവസ്ഥ പ്രകാരം ബന്ധപ്പെട്ട വാർഡ് മെമ്പറുടേയും വർക്കിങ് ഗ്രൂപ്പിന്റേയും പരിശോധനയ്ക്കും സാക്ഷ്യപ്പെടുത്തലിനും ശേഷം മാത്രമേ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ തുക നൽകാവൂ എന്നിരിക്കെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ റിപ്പോർട്ട് ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്. തിരികെ ലഭിക്കുന്ന കേടായ ഉപകരണങ്ങൾ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റം എന്ന രജിസ്റ്ററിൽ ചേർത്ത് വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും തമ്മിൽ റിക്കൺസൈൽ ചെയ്ത് സൂക്ഷിക്കണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-7 പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ - കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം നൽകി

പ്രോജക്ട് നം. - S0089/18

അടങ്കൽ -1,95,000/- വികസനഫണ്ട് (എസ്.സി.പി)

ചെലവ്

ബിൽ നമ്പർ - പ്രോജക്ട് നം. 89/18/ 20.12.18 – 60000/-

81/17 2.3.18 – 75000/-

81/17 23.3.18 – 22500/-

81/17 28.3.18 – 7500/-

8/17 28.3.18 – 15000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി 24 ഗുണഭോക്താക്കൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ നൽകുന്നതിനായി ഒരു ഗുണഭോക്താവിന് 7500/- രൂപ വീതം 1,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്) നമ്പർ 80/17ത.സ്വ.ഭ.വ. തീയതി. 3.4.17 പ്രകാരം കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്കാണ് ധനസഹായം നൽകേണ്ടത്. ഇതിന് പകരം എല്ലാ ഗുണഭോക്താക്കളും അപേക്ഷക്കൊപ്പം വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഈ സാക്ഷ്യപത്രത്തിൽ വാട്ടർ കണക്ഷൻ ഏത് വർഷം എടുത്തതാണെന്നത് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഇവർ 2017-18 വർഷം കണക്ഷൻ

എടുത്തവരാണെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. 2017-18 ൽ വാട്ടർ കണക്ഷൻ എടുത്ത ഗുണഭോക്താക്കളിൽ ഒരാൾ പോലും ഇൻവോയ്സ് കാർഡ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ കൺസ്യൂമർ നമ്പർ, കണക്ഷൻ എടുത്ത തീയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള വാട്ടർ അതോറിറ്റി ലഭ്യമാക്കുന്ന കണക്ഷൻ സർട്ടിഫിക്കറ്റ് (ഇൻവോയ്സ് കാർഡ്) പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം 27/2.3.19 നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. സബ്സിഡി മാർഗ്ഗരേഖയിൽ കണക്ഷൻ സർട്ടിഫിക്കറ്റിന് പകരം വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഉപയോഗിക്കാമെന്ന് പറഞ്ഞിട്ടുമില്ല. വാട്ടർ അതോറിറ്റിയുടെ കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ഗുണഭോക്താക്കളെല്ലാം 2017-18 ൽ തന്നെ വാട്ടർ കണക്ഷൻ എടുത്തതാണെന്ന് ബോധ്യപ്പെടുത്തുന്നതു വരെ 1,80,000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 <u>രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു -ചെലവു രേഖകൾ പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചില്ല</u>

1. പ്രോജക്ട് നം./പേര്: 85/കേടു വന്ന തെങ്ങുകൾ മുറിച്ചു മാറ്റിപകരം അത്യുത്പാദന ശേഷിയുള്ള തെങ്ങും തൈ നടൽ

അടങ്കൽ - 250000 (വികസന ഫണ്ട്)

14350 (ഗുണഭോക്തൃ വിഹിതം )

264350

ചെലവ് - 248050(വികസന ഫണ്ട്)

14350 (ഗുണഭോക്തൃ വിഹിതം )

262400

ബിൽ നം . TDY 2/4/2017-18/28.03.18/ 43050/- രൂപ(തെങ്ങിൻ തൈയുടെ വില മാത്രം)

(i) കേടു വന്ന തെങ്ങുകൾ മുറിച്ചു മാറ്റിപകരം അത്യുത്പാദന ശേഷിയുള്ള തെങ്ങും തൈ നടൽ എന്ന പദ്ധതി പ്രകാരം 97 ഗുണഭോക്താക്കൾക്ക് D x T തെങ്ങിൻ തൈകൾ നല്കുന്നതിനായി ഹരിപ്പാട് RAIDCO യിൽ നിന്നും ഒരു തൈയ്ക്ക് 140/- രൂപ നിരക്കിൽ 410 തെങ്ങിൻ തൈകൾ വാങ്ങിയിട്ടുണ്ട്.

പദ്ധതി രൂപീകരണ ഫോം പ്രകാരം അംഗീകൃത ഏജൻസികളിൽ നിന്നും തെങ്ങിൻ തൈ വാങ്ങാം എന്ന വ്യവസ്ഥയാണ് വച്ചിട്ടുള്ളത്. ലഭ്യമായ വിവരങ്ങൾ പ്രകാരം RAIDCO തെങ്ങിൻ തൈ ഉത്പാദിപ്പിക്കുന്ന ഏജൻസിയല്ല. വിതരണക്കാർ മാത്രമാണ്. ജില്ലാ കൃഷിതോട്ടം ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ നിന്നും തെങ്ങിൻ തൈ ലഭ്യമാണെന്നിരിക്കെ അതിലേക്കുള്ള അന്വേഷണമോ ടെൻഡറോ കൂടാതെ RAIDCO നിന്നുമാണ് തെങ്ങിൻ തൈകൾ വാങ്ങിയിട്ടുള്ളത് .

(ii) ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ ഗുണഭോക്താക്കളുടെ അപേക്ഷ ,അർഹതാ രേഖകൾ , കൃഷി ഓഫീസർ കർഷകരുടെ ഭൂവിസ്തൃതി പരിശോധിച്ചതിന്റെ രേഖകൾ എന്നിവ ഇല്ല .

2 . <u>പ്രോജക്ട് നം./പേര് : 84/നെൽ വിത്ത് വിതരണം</u>

അടങ്കൽ - 700000 (വികസന ഫണ്ട്)

2380000 (മറ്റുള്ളവ)

3080000

ചെലവ് . 682970(വികസന ഫണ്ട്)

ബിൽ നം . TDY 2/1/2017-18/06.01.18/585486

TDY 2/6/2017-18/28.03.18/7000

TDY 2/7/2017-18/28.03.18/90484

(i) തലവടി പഞ്ചായത്തിലെ പാടശേഖരങ്ങളിലെ നെൽകർഷകരെ പ്രതിനിധാനം ചെയ്യുന്ന പാടശേഖര സമിതി സെക്രട്ടറിമാരെ ഗുണഭോക്താക്കളായി അംഗീകരിച്ച് ലിസ്റ്റ് പ്രകാരം ആനുകൂല്യം നല്കുന്നതിന് പദ്ധതി രൂപീകരണ

ഫോറത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. ബിൽ നം. TDY 2/1/2017-18/06.01.18/585486 പ്രകാരം 16 പാടശേഖര സമിതികൾക്ക് KSSDA യിൽ നിന്നും നെൽ വിത്ത് വാങ്ങിയതായുള്ള രേഖകൾ ഫയലിൽ ഉണ്ട്. എന്നാൽ എല്ലാ പാടശേഖരങ്ങളുടെയും സെക്രട്ടറിമാരെ അംഗീകരിച്ചതിന്റെയും, നെൽവിത്ത് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തതിന്റെയും, പാടശേഖര സമിതികൾ നെൽവിത്ത് അതിന്റെ അംഗങ്ങൾക്ക് വീതിച്ച് നല്കിയതിന്റെയും രേഖകൾ ഓഡിറ്റിന് ലഭിച്ചില്ല.

(ii) സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ നെൽ വിത്ത് വാങ്ങുന്നവർക്ക് സബ്സിഡി ലഭിക്കുന്നതാണെന്നും പദ്ധതി രൂപീകരണ ഫോറത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. TDY 2/7/2017-18/ 28.03.18 പ്രകാരം പിൻവലിച്ച 90484 /രൂപ ഉദയൻ ചാത്തൻ പാടശേഖരം, ചക്കംകരി പാടം, പരുത്തിക്കാട്ട് ചാലിൽ വേഴപ്ര പാടശേഖരം എന്നീ പാടശേഖരങ്ങളിലെ 124 പേർക്കായി അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. എന്നാൽ ഇവരുടെ അപേക്ഷ, ഇവർ സ്വന്തം നിലയ്ക്ക് നെൽവിത്ത് വാങ്ങിയതിന്റെ രേഖകൾ, ഇവരെ നെൽവിത്ത് വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതിന്റെ രേഖകൾ, നെൽകൃഷി നടത്തിയ നിലത്തിന്റെ ഭൂവിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചതിന്റെ രേഖകൾ എന്നിവയും ഓഡിറ്റിന് ലഭിച്ചില്ല.

പദ്ധതി നടത്തിപ്പിലെ അപാകങ്ങളിന്മേൽ വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 2/25.02.19 ന് ഉള്ള മറുപടിയോടൊപ്പം വിത്തുകളും തൈകളും വിതരണം ചെയ്യാവുന്ന അംഗീകൃത ഏജൻസിയാണ് RAIDCO എന്ന് തെളിയിക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി. അംഗീകൃത വിതരണക്കാർ എന്നത് സ്പഷ്ടമാണെങ്കിലും വിത്ത് ഉത്പാദകരാണെന്ന് തെളിയിക്കുന്നതിന് ഇത് പര്യാപ്തമല്ല. വിത്തുകളും തൈകളും ജില്ലാ കൃഷിത്തോട്ടം ഉൾപ്പടെയുള്ള അംഗീകൃത ഉത്പാദന ഏജൻസികളിൽ നിന്നും വാങ്ങേണ്ടതാണ്. ഗുണഭോക്താക്കളുടെ അപേക്ഷ, അർഹതാ രേഖകൾ, കൃഷി ഓഫീസർ കർഷകരുടെ ഭൂവിസ്തൃതി പരിശോധിച്ചതിന്റെ രേഖകൾ എന്നിവ പ്രളയത്തിൽ നഷ്ടപ്പെട്ടതായി കൃഷി ഓഫീസർ മറുപടിയിൽ വ്യക്തമാക്കി. ഇതിനുള്ള തെളിവുകളും ലഭ്യമാക്കിയിട്ടുണ്ട്.

നെൽവിത്ത് വിതരണ പദ്ധതിയിൽ പാടശേഖര സെക്രട്ടറിമാരെ അംഗീകരിച്ചതിന്റെയും, നെൽവിത്ത് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തതിന്റെയും, പാടശേഖര സമിതികൾ നെൽവിത്ത് അതിന്റെ അംഗങ്ങൾക്ക് വീതിച്ച് നല്കിയതിന്റെയും രേഖകളും പ്രളയത്തിൽ നഷ്ടപ്പെട്ടതായി കൃഷി ഓഫീസർ മറുപടിയിൽ വ്യക്തമാക്കി. രേഖകൾ മുഴുവൻ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ പൂർണ്ണമായ പരിശോധന സാധിച്ചിട്ടില്ല.

## **3-9** <u>അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

2017-18-ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 7 പദ്ധതികൾ നടപ്പാക്കിയിരുന്നു. ഇതിൽ അങ്കണവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം നല്കിയത് ബാങ്ക് വഴി വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് അംഗീകരിക്കാവുന്ന രേഖയായി ഓഡിറ്റിന് ലഭ്യമാക്കിയത്. ബാക്കി 6 പദ്ധതികളിൽ ഫർണിച്ചർ, അങ്കണവാടിയിലേക്ക് ഉപകരണങ്ങൾ, അമൃതം പൊടി എന്നിവ വാങ്ങിയതിന്റെ ബില്ല്, എല്ലാ പദ്ധതികളുടെയും ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിന്റെ രേഖകൾ എന്നിവയാണ് ലഭ്യമാക്കിയത്. ഓഡിറ്റ് അന്വേഷണം നം. 5/27.02.19 മുഖേന മറ്റ് രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും അവ ലഭ്യമാക്കിയില്ല.

പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>അങ്കണവാടി പോഷകാഹാര പദ്ധതി</u>

(i)പ്രോജക്ട് നം.82/18

അടങ്കൽ - 1781525

ചെലവ് - 1367222

(ii)പ്രോജക്ട് നം.93/18 (സ്പിൽഓവർ പദ്ധതി)

അടങ്കൽ - 184178

ചെലവ് - 120894

(iii)പ്രോജക്ട് നം. 162/18

അടങ്കൽ - 100000 (എസ്.സി.പി വിഹിതം)

ചെലവ് - 77720

- അങ്കണവാടി പോഷകാഹാരത്തിനായി മൂന്ന പദ്ധതികൾ നടപ്പാക്കി. ഈ പദ്ധതികൾക്കായി മാവേലി സ്റ്റോറിൽ നിന്നം വിവിധ ഭക്ഷ്യ ധാന്യങ്ങൾ, ലക്ഷ്മി അമൃതം ഫുഡ് പ്രോഡക്ട്സിൽ നിന്നം അമൃതം പൊടി എന്നിവ വാങ്ങുകയും ഇവ കയറ്റിറക്കുന്നതിനായി ഏബ്രഹാം തോമസ് എന്ന വ്യക്തിയ്ക്ക് കയറ്റിറക്ക് കൂലി നല്ലകയും ചെയ്തിട്ടുണ്ട്. ഒരു കിലോയ്ക്ക് രണ്ടര രൂപ നിരക്കിലാണ് കയറ്റിറക്കു കൂലി നല്ലിയിട്ടുള്ളത്. എന്നാൽ ഭക്ഷ്യ ധാന്യങ്ങൾ, അമൃതം പൊടി എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും, കയറ്റിറക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് തുക നിശ്ചയിച്ചതിന്റെയും രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. പ്രോജക്ട് നം/പേര്. 144/18/അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - 39700

ചെലവ് - 32680

ബിൽ നം. 5/31.10.17

- പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൊയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ആലപ്പുഴ ശാഖയിൽ നിന്നം കുട്ടികൾക്കുള്ള മെത്ത (എണ്ണം വ്യക്തമല്ല), ഖാദി ഗ്രാമ സൗഭാഗ്യയിൽ നിന്നം 26 ബെഡ് ഷീറ്റ്, കുളിർമ ഫാൻ 2 എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയും ഏതെല്ലാം അങ്കണവാടികൾക്ക് വിതരണം ചെയ്തു എന്നതിനം രേഖയില്ല.

3 . പ്രോജക്ട് നം/പേര്. 140/18/അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 165650

ചെലവ് - 152530

ബിൽ നം. 18/12.03.18

- പദ്ധതി പ്രകാരം ആലപ്പുഴ അഫ്സൽ മെറ്റൽസ് എന്ന സ്ഥാപനത്തിൽ നിന്നം ചുവടെ ചേർക്കും പ്രകാരം ഉപരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | തുക |
|---|---|---|
| സ്റ്റീൽ ടേബിൾ | 3 | 10200 |
| സ്റ്റീൽ റാക്ക് | 12 | 26400 |
| ബേബി ചെയർ | 27 | 6480 |
| സ്റ്റീൽ അലമാരി | 2 | 9800 |
| ആം ചെയർ | 91 | 44590 |
| കുക്കർ | 7 | 16800 |

| | | |
|---|---|---|
| പ്ലാസ്റ്റിക്ക് മാറ്റ് | 27 | 4860 |
| ഉരുളി | 3 | 8400 |
| ഫുഡ് കണ്ടേയ്നർ | 3 | 17400 |
| ഗ്യാസ് സ്റ്റൗവ്വ് | 2 | 7600 |
| | ആകെ | 152530 |

- എന്നാൽ ഈ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ഏതെല്ലാം അങ്കണവാടികൾക്ക് വിതരണം ചെയ്തു എന്നതിന്റെയും രേഖയില്ല.

4. പ്രോജക്ട് നം/പേര് . 92/18/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ - 600000

ചെലവ് - 600000

- സ്കോളർഷിപ്പ് ലഭിച്ച കുട്ടികളുടെ അർഹതാ രേഖകൾ ഓഡിറ്റിനായി ലഭിച്ചിട്ടില്ല.

  ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികളൊന്നും തന്നെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടർ ചെയ്യുകയോ ആവശ്യമായ മാർഗ്ഗ നിർദ്ദേശം നല്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതികളുടെ ആകെ ചെലവു തുകയായ 2351046/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പാലിന് സബ്സിഡി പദ്ധതി - പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പ്രോജക്ട് നം ./പേര്. 103/18 -പാലിന് സബ്സിഡി

അടങ്കൽ - 200000

ചെലവ് - 200000

ബിൽ നം. 3/2017-18/12.01.18 -100000

ചെക്ക് നം. 1073130/22.03.18 -100000

പദ്ധതി രൂപീകരണ ഫോം പ്രകാരം ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന വനിതകൾക്ക്, അളക്കുന്ന പാലിന് ആനുപാതികമായി 4 രൂപ നിരക്കിൽ സബ്സിഡി നല്കുവാൻ വ്യവസ്ഥ ചെയ്തിരുന്നു. പദ്ധതി പ്രകാരം ഓരോ കർഷകയ്ക്കും ലിറ്ററിന് 3 രൂപയാണ് നല്കിയിട്ടുള്ളത്.

പദ്ധതി വിശദമായി പരിശോധിക്കുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾക്കൊപ്പം നടുവിലേമുറി KUCS A Ltd No.194(D)APCOS, ചക്കുളം KUCS A Ltd No.265(D)APCOS എന്നീ 2 ക്ഷീര സംഘങ്ങളുടെയും പാൽ അളവിന്റെ പേയ്മെന്റ് രജിസ്റ്ററുകളും ആവശ്യപ്പെട്ടിരുന്നു. രണ്ടു പാൽ സംഘത്തിന്റെയും രേഖകൾ ലഭ്യമാക്കുകയും ചെയ്തു.

ചക്കുളം സംഘത്തിന്റെ രജിസ്റ്ററിൽ ആഴ്ച അടിസ്ഥാനത്തിൽ പാലിന്റെ അളവും അനുവദനീയമായ തുകയും കണക്കാക്കിയിട്ടുള്ളതിനാൽ ഓരോ മാസത്തിന്റെയും ആദ്യ – അവസാന ആഴ്ചകളിലെ പാലിന്റെ അളവും തുകയും

കണക്കാക്കുക ബുദ്ധിമുട്ടാണ്. നടുവിലേമുറി KUCS A Ltd No.194(D)APCOSന്റെ പേയ്മെന്റ് രജിസ്റ്റർ, പാലളവിന്റെ ലിസ്റ്റ് എന്നിവ താരതമ്യം ചെയ്തുള്ള പരിശോധനയിൽ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

- (i) വനിതകളായ ക്ഷീര കർഷക്ക് ആനുകൂല്യം നല്കാനാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും നടുവിലേമുറി KUCS A Ltd No.194(D)APCOS - ന്റെ പേയ്മെന്റ് രജിസ്റ്ററിൽ ഏതാനും സ്ത്രീകളൊഴികെ മറ്റെല്ലാം പുരുഷന്മാരായ ക്ഷീര കർഷകരുടെ പേരാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതിയുടെ ഫയലിൽ സ്ത്രീകളുടെ ലിസ്റ്റ് തയ്യാറാക്കിയാണ് ആനുകൂല്യം നല്കിയത്. ലിസ്റ്റിൽ ഉൾപ്പെട്ട സ്ത്രീകൾ രജിസ്റ്ററിലെ പുരുഷ ക്ഷീര കർഷകരുമായുള്ള ബന്ധം തെളിയിക്കുന്ന റേഷൻ കാർഡ് ഉൾപ്പടെയുള്ള രേഖയോ, ആനുകൂല്യം തങ്ങളുടെ വീട്ടിലെ സ്ത്രീകൾക്ക് അനുവദിക്കുന്നതിന് പുരുഷന്മാരായ ക്ഷീരകർഷകർ നല്കിയ സമ്മത പത്രമോ ഫയലിൽ ഇല്ല.
- (ii)2017ഏപ്രിൽ, മെയ് മാസത്തെ പാലളവും രജിസ്റ്ററും ലിസ്റ്റും താരതമ്യം ചെയ്തതിൽ പാലളവ് കണക്കാക്കിയതിൽ വളരെയധികം തെറ്റുകൾ വന്നിട്ടുള്ളതായി കണ്ടു. ഇതേ അവസ്ഥ തുടർന്നുള്ള മാസങ്ങളിലും നിലനിൽക്കുന്നുവെങ്കിലും അപാകങ്ങളുടെ ആവർത്തനം കാരണം ഏതാനും ഉദാഹരണങ്ങൾ മാത്രം പട്ടികയിൽ ചേർക്കുന്നു.

| ലിസ്റ്റിൽ ഉള്ള പേര് | പേയ്മെന്റ് രജിസ്റ്ററിൽ ഉള്ള പേര് | ഏപ്രിൽ | | | മെയ് | | |
|---|---|---|---|---|---|---|---|
| | | രജിസ്റ്റർ പ്രകാരമുള്ള പാലളവ് | ലിസ്റ്റ് പ്രകാരമുള്ള പാലളവ് | വ്യത്യാസം | രജിസ്റ്റർ പ്രകാരമുള്ള പാലളവ് | ലിസ്റ്റ് പ്രകാരമുള്ള പാലളവ് | വ്യത്യാസം |
| ഏലിയാമ്മ ഈപ്പൻ | ഈപ്പൻ | 443.2 | 445 | 1.8 | 283 | 367 | 84 |
| ബ്ലസ്സി തോമസ്സ് | തോമസ്സ് കുട്ടി | 308.9 | 138 | 170.9 | 198.8 | 220 | 21.2 |
| ഏലിയാമ്മ ജോൺ | ജോൺ.എം.സി | 78.1 | 39 | 39.1 | 55 | 64 | 9 |

- (iii) നടുവിലേമുറി KUCS A Ltd No.194(D)APCOS ൽ 2017ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ പാലളന്നവരുടെ വിവരം ക്ഷീരസംഘത്തിൽ നിന്നും കമ്പ്യൂട്ടറിൽ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നല്കിയിരുന്നു. ലിസ്റ്റ് പരിശോധിച്ചതിൽ ഇക്കാലയളവിൽ ആകെ അളന്ന പാൽ കണക്കുകൂട്ടിയതിലും വളരെയധികം തെറ്റുകൾ വന്നിട്ടുള്ളതായി കണ്ടു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ ഇത് പരിശോധിച്ച് വിലയിരുത്താതെ സംഘം നല്കിയ ലിസ്റ്റ് അപ്പാടെ അംഗീകരിച്ച് സബ്സിഡി നല്കുകയാണുണ്ടായത്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്ഷീര കർഷകയുടെ പേര് | ഓരോ മാസത്തെയും ലിസ്റ്റ് പ്രകാരമുള്ള പാലളവ് (ലിറ്ററിൽ) | | | | | | യഥാർത്ഥ അളവ് (ലിറ്ററിൽ) | വ്യത്യാസം (ലിറ്ററിൽ) | 3രൂപ പ്രകാരം നല്കിയ തുക | യഥാർത്ഥ ത്തിൽ നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|---|---|---|---|---|---|
| | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | ആകെ | | | | | |
| ഏലിയാമ്മ ഈപ്പൻ | 455 | 367 | 309 | 342 | 54 | 2020 | 1527 | 493 (കൂടുതൽ) | 6060 | 4581 | 1479 |
| ശ്രീകല ബാലവിഹാർ | 60 | 121 | 220 | 946 | 214 | 861 | 1561 | 700 (കുറവ്) | 2583 | 4683 | |
| ജോളിമ്മ പനവേലിൽ | 201 | 884 | 1405 | 1206 | 781 | 4487 | 4477 | 10 (കൂടുതൽ) | 13461 | 13431 | 30 |
| ശശികല പുല്ലടിപ്പറമ്പ് | 47 | 30 | - | - | - | 92 | 77 | 15 (കൂടുതൽ) | 276 | 231 | 45 |
| ശോശാമ്മ ഏബ്രഹാം കുറ്റിക്കാട് | 190 | 132 | 163 | 152 | 40 | 506 | 677 | 171 (കുറവ് ) | 1518 | 2031 | |
| രത്നമ്മ വേലൻതറ | 143 | 55 | 43 | - | - | 746 | 241 | 505 (കൂടുതൽ) | 2238 | 723 | 1515 |
| | | | | | | | | | | | 3069 |

അധികമായി നല്കിയ 3069/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കി ചെലവ് നിരാകരിക്കുന്നു. ശ്രീകല ബാലവിഹാർ, ശോശാമ്മ ഏബ്രഹാം കുറ്റിക്കാട് എന്നീ ക്ഷീര കർഷകർക്ക് അവർക്ക് അർഹമായതിലും കുറവ് തുകയാണ് നല്കിയിട്ടുള്ളത്. അവർക്ക് അർഹമായ തുക നല്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

- (iv) നടുവിലേമുറി KUCS A Ltd No.194(D)APCOS ക്ഷീര സംഘത്തിന്റെ ലിസ്റ്റിൽ യശോദര.കെ എന്ന കർഷകയെ ഉൾപ്പെടുത്തി 14560/- രൂപ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിന്റെ പേര് സംഘത്തിന്റെ പേയ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഈ കർഷകയെ നടുവിലേമുറി സംഘത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കുവാൻ സംഘമോ പഞ്ചായത്ത് കമ്മിറ്റിയോ തീരുമാനമെടുത്തതിന്റെ രേഖയും ലഭിച്ചിട്ടില്ല. മേൽ അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/01.03.19 ന് മറുപടി ലഭിച്ചിട്ടില്ല. ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കുന്ന പദ്ധതികളിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. പദ്ധതി പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നുവെന്ന് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 ചെലവു രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളാണ് എസ്.എസ്.എ വിഹിതം നല്കൽ, പത്താം തരം തുല്യത, പന്ത്രണ്ടാം തരം തുല്യത എന്നിവ. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഓരോ പദ്ധതിയുടെയും പ്രോജക്ട് രൂപീകരണ ഫോറവും ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളതെന്നു വ്യക്തമായതിനെ തുടർന്ന് അനുബന്ധ രേഖകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.6/27.02.19 മുഖേന ആവശ്യപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരക്കിന്റെ കൈവശമുണ്ടായിരുന്ന പന്ത്രണ്ടാം തരം തുല്യത എന്ന പദ്ധതിയുടെ രേഖകളും എച്ച്.എം ലഭ്യമാക്കിയ എസ്.എസ്.എ വിഹിതത്തിന്റെ എഡ്യൂക്കേഷൻ പ്ലാൻ, വിനിയോഗ സാക്ഷ്യപത്രം എന്നിവയും ഒഴികെ മറ്റു രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം /പേര് . 10/18എസ്. എസ്.എ വിഹിതം

അടങ്കൽ - 400000

ചെലവ് - 400000

ബിൽ നം. 1/17-18/30.06.17

എസ്.എസ്.എ വിഹിതമിനത്തിൽ 400000/- രൂപ സർവ്വ ശിക്ഷാ അഭിയാന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക ആവശ്യപ്പെട്ടു കൊണ്ട് സർവ്വ ശിക്ഷാ അഭിയാനിൽ നിന്നുള്ള കത്ത്, തുകയുടെ കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2 . പ്രോജക്ട് നം /പേര്. 61/17പത്താം തരം തുല്യത

അടങ്കൽ - 17600

ചെലവ് - 9250

ബിൽ നം. 2/17-18/28.03.18

5 പഠിതാക്കൾക്കുള്ള കോഴ്സ്/പരീക്ഷാ ഫീസ് ഇനത്തിൽ 1850 /- രൂപ വീതം ആകെ 9250/-രൂപ സംസ്ഥാന സാക്ഷരതാ മിഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകൾ, അറ്റൻഡൻസ്, പഠിതാക്കൾ ഫീസിളവിന് അർഹരെങ്കിൽ ആയതിന്റെ വിവരം, പരീക്ഷയുടെ ഹാൾടിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

3. പ്രോജക്ട് നം /പേര് . 219/18പന്ത്രണ്ടാം തരം തുല്യത

അടങ്കൽ - 38250

ചെലവ് - 38250

ബിൽ നം. 3/17-18/28.03.18

17 പഠിതാക്കൾക്ക് 2250രൂപ വീതം 38250/-രൂപ സംസ്ഥാന സാക്ഷരതാ മിഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. പഠിതാക്കളുടെ അറ്റൻഡൻസ്, രജിസ്ട്രേഷൻ രേഖകൾ, പഠിതാക്കൾ ഫീസിളവിന് അർഹരെങ്കിൽ ആയതിന്റെ വിവരം, പരീക്ഷയുടെ ഹാൾടിക്കറ്റ് എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണംനല്കിയതിന്റെ അടിസ്ഥാനത്തിൽ സാക്ഷരതാ പ്രേരക്കിന്റെ കൈവശമുണ്ടായിരുന്ന ആശ ആനന്ദൻ, സുമതിക്കുട്ടി, മായാ.ടി.എസ്, മിനിൽ.എസ്, സുജാതാ.ടി.കെ, വിഷ്ണു ബ്രഹ്മൻ, ഷീന. എം.ബി, ശ്രീദേവി പ്രകാശ്, രാജി മോൾ.ആർ, ജോഷി ടി.എം എന്നീ പഠിതാക്കളുടെ രേഖകൾ മാത്രം ലഭ്യമാക്കി. മറ്റ് 7 പഠിതാക്കളെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

പത്താം തരം തുല്യതയുടെ 9250/-രൂപ, പന്ത്രണ്ടാം തരം തുല്യതയിലെ 10 പഠിതാക്കളുടെ ഒഴികെ ബാക്കി 7 പഠിതാക്കൾക്കായി അടച്ച 15750/-രൂപയുമായി ആകെ 25000/- രൂപയുടെ ചെലവ് ആകെ തടസ്സപ്പെടുത്തുന്നു. എച്ച്. എം നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളൊന്നും തന്നെ ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരീക്ഷണത്തിൽ വന്നിരുന്നില്ല എന്ന് പദ്ധതി നിർവ്വഹണ രേഖകളുടെ സൂക്ഷിപ്പിലെ ശ്രദ്ധക്കുറവിൽ നിന്നും വ്യക്തമാണ്. പദ്ധതി ആസൂത്രണ നിർവ്വഹണത്തിൽ ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 പാലിയേറ്റീവ് കെയർ–മരുന്നുകൾ ലഭ്യമായതായി രേഖയില്ല

പ്രോജക്റ്റ് നം. S0081

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

അടങ്കൽ – 6,00,000/-

ചെലവ് – 5,44,623/-

പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങുന്നതിനായി 2017-18 വർഷം 1,69,823/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന വാങ്ങുന്നതിനായി ചെലവഴിച്ച 1,69,823/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് വിഹിതം (1,49,823/- രൂപ)

പ്രഫോർമാ ഇൻവോയ്സ് നം. 4559 തീയതി 27/02/18 50,000/-രൂപ.

പ്രഫോർമാ ഇൻവോയ്സ് നം. 4540 തീയതി 15/03/18 35,004/-രൂപ.

പ്രഫോർമാ ഇൻവോയ്സ് നം. 1753 തീയതി 15/03/18 14,996/-രൂപ.

പ്രഫോർമാ ഇൻവോയ്സ് നം. 4547 തീയതി 15/03/18 49,623/-രൂപ.

വികസന ഫണ്ട് 20,000/- രൂപ

പ്രഫോർമാ ഇൻവോയ്സ് നം.4944 തീയതി 15/03/18 12,000/-രൂപ(ബിൽ നം.18/24-3-18)

പ്രഫോർമാ ഇൻവോയ്സ് നം. 4946 തീയതി 15/03/18 8,000/-രൂപ(ബിൽ നം. 19/24-3-18)

## 3-13 നിക്ഷേപ പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

2017-18 വർഷം സെക്രട്ടറി ചുവടെ ചേർക്കുന്ന പ്രവർത്തികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചുവെങ്കിലും പ്രവർത്തികളുടെ നിർവ്വഹണ എജൻസിയുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ, തുകയുടെ കൈപ്പറ്റ്, പ്രവർത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ യാതൊരു കരാറുമില്ലാതെയാണ് സെക്രട്ടറി ചുവടെ ചേർക്കുന്ന പ്രവർത്തികൾക്കായി തുക നിക്ഷേപിച്ചത്. ആയതിനാൽ തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിയമപരമായ യാതൊരു തുടർനടപടികളും ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. തുക നിർവ്വഹണ ഏജൻസികൾക്ക് നൽകി ഒരു വർഷമായിട്ടും പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ലെന്നതും പ്രവൃത്തി പുരോഗതിയും പൂർത്തീകരണവും മോണിട്ടറിംഗ് നടത്തേണ്ട വികസന സ്റ്റാൻഡിങ് കമ്മറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥയുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറി സ്വീകരിക്കണമെന്നിരിക്കെ ഇക്കാര്യത്തിൽ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. പൂർത്തീകരണവിവരം ലഭ്യമാകുന്നതു വരെ 13,50,784/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 22/2.3.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പേര് | നിർവ്വഹണ ഏജൻസി | ബിൽ നമ്പർ / തുക |
|---|---|---|---|
| 1. | SO113/18, പൈപ്പ് ലൈൻ വലിക്കൽ, | വാട്ടർ അതോറിറ്റി | 113/30.12.17 – 143086/- |
| | | | 113/30.12.17 – 356914/- |
| | | | 113/23.3.18 – 53086/- |
| | | | 113/24.3.18 – 90000/- |
| 2. | S008/18,<br>നീരേറ്റ് പുറം ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ റോഡിലേക്ക് പൈപ്പ് ലൈൻ വലിക്കൽ, | വാട്ടർ അതോറിറ്റി | 8/23.3.18 – 78078/- |
| 3. | SO112/18, ആറിൽചിറ അംഗനവാടി വയറിംഗ് | പി.ഡബ്ല്യ. ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | 112/27.11.17 – 37500/- |
| 4. | SOO6/18<br>അംഗനവാടി വയറിംഗ് | പി.ഡബ്ല്യ. ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | 6/27.11.17 – 75000/- |
| 5. | SO104/18, വാർഡ് 12ൽ ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | C2-01/17 1707055200 – 4400526749/11.10.17 – 388086/- |
| 6. | SO223/18, നീരേറ്റ് പുറം പാലം മുതൽ ഫിനിഷിങ് പോയിന്റ് വരെ സ്ട്രീറ്റ് മെയിൻ വലിക്കൽ, | | 1/22.11.17 – 31374/-<br>1/22.11.17 – 97660/- |
| | | | 13,50,784 |

## 3-14 1.24 ലക്ഷത്തിന്റെ ടാർ കാണാനില്ല

മരാമത്ത് പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് വാങ്ങിയതിൽ 123565/-രൂപയുടെ ടാർ കാണാനില്ല.

2016-17-ലെ 21 ടാറിംഗ് പ്രോജക്ടുകൾക്കാണ് ഗ്രാമപഞ്ചായത്ത് ടാർ വാങ്ങിയത്. 2017 മാർച്ചിലും മെയിലുമാണ് ടാർ ലഭിച്ചത്. ഈ സ്റ്റോക്കിൽപെട്ട ടാറാണ് കാണാനുള്ളത്.

കുത്തഴിഞ്ഞ സ്റ്റോക്ക് വിതരണ രജിസ്റ്ററിൽ നിന്നാണ് ടാറിന്റെ അളവിലെ വലിയ കുറവ് ഓഡിറ്റ് കണ്ടെത്തിയത്. ടാർ സ്റ്റോക്കിലെ വലിയ കുറവിന് വിശദീകരണം തേടി ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു. ഇതിന് മറുപടിയായി

സ്റ്റോക്കിൽ കുറവുള്ള ടാർ തലവടി പി.എച്ച്.സി പരിസരത്ത് കിടപ്പുണ്ടെന്ന് ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ വാക്കാൽ അറിയിച്ചു. തുടർന്ന് 2017-18-ലെ പ്രോജക്റ്റ് നിർവഹണച്ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ തലവടി പി.എച്ച്.സി പരിസരത്ത് ഓഡിറ്റ് ഭൗതികപരിശോധന നടത്തി.

എ)ഭൗതികപരിശോധനയിൽ കണ്ടത്:

1.പി.എച്ച്.സിയുടെ മുൻവശത്ത് സംസ്ഥാനപാതയോട് ചേർന്ന് പാഴ്ചെടികൾ വളർന്ന് കിടക്കുന്നതിനിടയിൽ 7 ടാർബാരലുകൾ കണ്ടു.

2.ബാരലുകൾ തുരുമ്പിച്ചതിനാൽ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കാണെന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല.

3.6 ബാരലുകളും ചരിഞ്ഞ് വീണ് ടാർ മണ്ണിലേക്ക് ഉരുകി വ്യാപിച്ച് കിടക്കുന്നതായി കാണുന്നു.

4.കാലാവധി കഴിഞ്ഞതിനാലും മണ്ണിൽ പരന്ന് ഒഴുകി വ്യാപിച്ചതിനാലും ഈ ടാർ ഇനി ഉപയോഗിക്കാൻ സാധ്യമല്ല.

ബി)ഭൗതികപരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്

1.തലവടി പി.എച്ച്.സി പരിസരത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ട ടാർ ഗ്രാമപഞ്ചായത്തിന്റേതാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടാർപോലെ വിലപിടിപ്പുള്ള സ്റ്റോക്ക് സൂക്ഷിക്കേണ്ടത് പി.എച്ച്.സി പരിസരംപോലെ തുറസായ പാഴ്ചെടിക്കാട്ടിലല്ല. സുരക്ഷിതമായും പ്രത്യേക സംഭരണ നിയന്ത്രണങ്ങളും മുൻകരുതലും പാലിച്ച് വേണം ടാർ സൂക്ഷിക്കേണ്ടത്. രോഗികൾക്ക് ചികിത്സ നല്കുന്ന പി.എച്ച്.സി പരിസരത്ത് ടാർപോലെ പെട്ടെന്ന് തീപിടിച്ച് വലിയ ദുരന്തം വിതയ്ക്കുന്ന സ്റ്റോക്ക് സൂക്ഷിക്കാൻ ഉത്തരവാദപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുമെന്നും ഓഡിറ്റ് കരുതുന്നില്ല.

2.തലവടി പി.എച്ച്.സി പരിസരത്ത് ടാർ സൂക്ഷിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തതായി കാണുന്നില്ല. തീരുമാനം ഉണ്ടെങ്കിൽ അത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിലും പി.എച്ച്.സി പരിസരത്ത് ടാർ സൂക്ഷിച്ചിരിക്കുന്നതായി രേഖപ്പെടുത്തലില്ല. സ്റ്റോക്ക് കൃത്യമായ ഇടവേളകളിൽ അസിസ്റ്റന്റ് എഞ്ചിനീയറോ ധനകാര്യ സ്ഥിരം സമിതിയോ ഗ്രാമപഞ്ചായത്ത് കമ്മറ്റിയോ പരിശോധിച്ചിട്ടില്ല.

3.ഇനി ടാർ തങ്ങളുടേതാണെന്ന ഗ്രാമപഞ്ചായത്തിന്റെ വാദം അംഗീകരിച്ചാൽ തന്നെ ടാർ മണ്ണിൽ വ്യാപിച്ച് പോയതിനാൽ ഇതിന്റെ വില ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഉണ്ടായ നഷ്ടമാണ്. മാത്രമല്ല സ്റ്റോക്കിൽ കാണേണ്ട ബാക്കി ടാർ എവിടെ എന്ന ചോദ്യത്തിനും ഉത്തരമില്ല. ഈ വസ്തുതകൾ 1.24 ലക്ഷത്തിന്റെ ടാർ കാണാനില്ലെന്ന ഓഡിറ്റ് നിഗമനം ശരിവെക്കുന്നതുമാണ്.

സി)ഗ്രാമപഞ്ചായത്തിന്റെ വിശദീകരണവും ഓഡിറ്റ് നിരീക്ഷണവും

1.24 ലക്ഷത്തിന്റെ ടാർ കാണാനില്ലെന്ന ഓഡിറ്റ് നിഗമനം എക്സിറ്റ് മീറ്റിംഗിലെ പ്രധാന അജണ്ടയായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ വിശദീകരണങ്ങളും അതിനുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും താഴെ:

1.ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം

21 പ്രോജക്ടുകൾക്ക് ആവശ്യമായ ടാർ മാത്രമാണ് വാങ്ങിയത്. അതിനാൽ എങ്ങനെ ടാർ അധികം വന്നു എന്നത് വ്യക്തമല്ല. പ്രോജക്ടുകൾക്ക് ആവശ്യമായ ടാറിന്റെ അളവ് കണക്കാക്കിയാണ് നിർവഹണഉദ്യോഗസ്ഥ ടാറിന്റെ വില പിൻവലിച്ചത്. അതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ല.

2018-ലെ പ്രളയത്തിലാണ് ടാർ നശിച്ചത്. അതിനാൽ ഇത് പ്രളയ നഷ്ടമാണ്.

ഓഡിറ്റ് നിരീക്ഷണം:

21 പ്രോജക്ടുകൾക്ക് ആവശ്യമായ ടാർ മാത്രമാണ് വാങ്ങിയത്. എന്നാൽ ടാർ വാങ്ങുമ്പോൾ ടാറിന്റെ വിപണി വില എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെ കുറവായിരുന്നു. അതുകൊണ്ട് തന്നെ നിർവഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് നിരക്കിൽ ടാറിന്റെ വില പിൻവലിച്ചാൽ ആവശ്യമായതിലും കൂടുതൽ അളവിൽ ടാർ ലഭിക്കുമെന്നത് സാമാന്യവിവേകം മാത്രമാണ്. ഇവിടെ ചെയ്യേണ്ടിയിരുന്നത് എസ്റ്റിമേറ്റ് അനുസരിച്ച് ടാറിന്റെ അളവ് നിർണ്ണയിക്കുകയും വിപണി വില അനുസരിച്ച് അതിന് ആവശ്യമായ തുക എച്ച്.പി.സി.എൽ-ൽ നിക്ഷേപിക്കുക

യുമായിരുന്നു വേണ്ടിയിരുന്നത്. പൊതുപണം ചെലവഴിക്കുമ്പോൾ പുലർത്തേണ്ട ആ സാമ്പത്തിക അച്ചടക്കം നിർവഹണോദ്യോഗസ്ഥ കാട്ടിയില്ല.

2016-17ലെ 21 മരാമത്ത് പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് താഴെ വിവരിക്കുന്ന അളവിൽ ടാർ വാങ്ങിയിരുന്നു.

പത്രിക-1

| ക്രമ നം. | ടാർ-ഇനം | വാങ്ങിയ അളവ്-ബാരൽ/കിലോ | ബിൽ നം,ആകെ തുക |
|---|---|---|---|
| 1 | വിജി 30 | 149 ബാരൽ<br>1ബാരൽ 161.8 കിലോ അളവിൽ ആകെ 24108.2 കിലോ<br>15 ബാരൽ | 1. 40817/29.03.17, Rs.335901.48(60 ബാരൽ)<br>2. 40815/29.03.17, Rs.162352.38(29 ബാരൽ)<br>3. 39193/25.03.17, Rs.335901.48(60 ബാരൽ) |
| 2 | ആർഎസ് 1-ഇമൽഷൻ | 1ബാരൽ 200കിലോ അളവിൽ ആകെ 3000 കിലോ<br>38 ബാരൽ | 1. 380335/17.05.17, Rs.108901(15 ബാരൽ) |
| 3 | എസ്എസ് 1-ഇമൽഷൻ | 1ബാരൽ 181.79 കിലോ അളവിൽ<br>ആകെ 6908 കിലോ | 38038/17.05.17, Rs.450776 (38 ബാരൽ) |

2016-17-ലെ 21 പ്രോജക്ടുകൾക്ക് 2017-18-ൽ ടാർ വിതരണം ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വിതരണ പത്രികയിൽ കാണുന്നു.

വിതരണ പത്രിക അനുസരിച്ച് 21 പ്രോജക്ടുകൾക്ക് നല്കിയ ടാറിന്റെ അളവ് താഴെ ചേർക്കുന്നു:

പത്രിക-2

| ടാർ ഇനം | ആകെ വിതരണം ചെയ്ത അളവ് |
|---|---|
| വിജി 30 | 22416.84 കി.ലോ |
| ആർഎസ് 1 | 2629.75 കി.ലോ |
| എസ്എസ് 1 | 6735.65 കി.ലോ |

പത്രിക 1,2 അനുസരിച്ച് സ്റ്റോക്കിൽ കാണേണ്ട ടാറിന്റെ അളവ്

പത്രിക 3

| ടാർ-ഇനം | സ്റ്റോക്കിൽ കാണേണ്ട അളവ് | വില(കൺവീനർമാരിൽ നിന്ന് ഈടാക്കിയ നിരക്കിൽ) |
|---|---|---|
| വിജി 30 | 1691.36കിലോ | 92212.95രൂപ<br>(1കിലോ 54.52രൂ നിരക്കിൽ) |
| ആർഎസ് 1 | 370.25കിലോ | 21096.85രൂപ<br>(1 കിലോ 56.98രൂ നിരക്കിൽ) |
| എസ്എസ് 1 | 172.35കിലോ | 10254.83രൂപ<br>(1 കിലോ 59.50രൂ നിരക്കിൽ) |
| ആകെ | | 123565രൂപ |

എന്നാൽ 123565/-രൂപക്കുള്ള ടാർ സ്റ്റോക്കിൽ കാണുന്നില്ല.

123565/-രൂപയുടെ ടാർ സ്റ്റോക്കിൽ കുറവ് വന്നതിന് വ്യക്തമായ വിശദീകരണവും അത്രയും തുക ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമില്ലാതെ ക്രമീകരിച്ചതിന് കൃത്യമായ രേഖകളും ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമായില്ലെങ്കിൽ 123565/-രൂപ അസിസ്റ്റന്റ് എഞ്ചിനീയർമാരുടേയും ഗ്രാമപഞ്ചായത്തിന്റെ വിലപിടിപ്പുള്ള സ്റ്റോക്ക് സൂക്ഷിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടമില്ലാതെ കയ്യൊഴിയുന്നതിലും വീഴ്ച വരുത്തിയ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടേയും തുല്യ ബാധ്യതയായി ഓഡിറ്റിൽ നിർണ്ണയിക്കുന്നതാണ്.

താഴെ പറയുന്ന രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1.ടാറിന്റെ ആവശ്യകത നിർണയിച്ച രേഖകൾ.

2.കൺവീനർമാരിൽ നിന്ന് ഈടാക്കിയ വില നിർണയിച്ച രേഖകൾ.

3.ടാറിന്റെ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ.

4.കരാറുകാർ/കൺവീനർമാർ ടാർ കൈപ്പറ്റിയതിന്റെ രസീത്.

5.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്റ്റോക്ക് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച രേഖകൾ.

6. ടാർ എവിടെ സൂക്ഷിച്ചിരുന്നു, ടാർ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച മുൻകരുതൽ എന്നിവ വിവരിക്കുന്ന രേഖകൾ.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ലക്ഷങ്ങൾ വിലമതിക്കുന്ന ടാറിന്റെ ഇടപാട് ഒട്ടും കാര്യക്ഷമതയും കൃത്യതയുമില്ലാതെയാണ് ഗ്രാമപഞ്ചായത്ത് നടത്തിയിരിക്കുന്നത്. ഗൗരവമായ ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും പെർഫോമൻസ് ഓഡിറ്റും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 എസ്.സി.പി പ്രോജക്ടുകൾക്ക് രേഖയില്ലാതെ ഫണ്ട് പിൻവലിച്ചു

എസ്.സി.പി പ്രോജക്ടുകൾക്ക് നിർവഹണചെലവ് രേഖകളില്ലാതെ ഗ്രാമപഞ്ചായത്ത് ഫണ്ട് പിൻവലിച്ചു. 2017-18-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥയായ രണ്ട് മരാമത്ത് പ്രോജക്ടുകൾക്കാണ് അനധികൃതമായി എസ്. സി.പി ഫണ്ട് പിൻവലിച്ചത്. വിശദാംശങ്ങൾ:

1)പദ്ധതി ചെലവ് പത്രിക അനുസരിച്ച് 14ാം വാർഡിൽ ആറിൽ ചിറ പട്ടികജാതി കോളനി സംരക്ഷണ ഭിത്തി നിർമ്മാണ(പ്രോജക്ട് 220/18)ത്തിന് എസ് സിപി ഫണ്ട് 81526 (ട്രഷറി ബിൽ ബുക്ക് 61/19.1.18, കൺവീനർ-75004രൂ)രൂ ചെലവ് കാണുന്നു. പ്രോജക്ട് ഫോറം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഫോറം അനുസരിച്ച് ഗുണഭോക്തൃ സമിതി നിർവഹണമാണ്. താഴെ വിവരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ശരിയായി നിർവഹിക്കപ്പെട്ടു എന്ന് ഉറപ്പാക്കി വേണമായിരുന്നു നിർവഹണോദ്യോഗസ്ഥ ഫണ്ട് പിൻവലിക്കേണ്ടിയിരുന്നത്.

എസ്റ്റിമേറ്റ്, ഡേറ്റ അനാലിസിസ്, സാങ്കേതികാനുമതി പത്രം, എസ്.സി വികസന ഓഫീസറുടെ ഫീസിബിളിറ്റി സർട്ടിഫിക്കറ്റ്, ഗുണസമിതി മിനിറ്റ്സ്, കരാറുകൾ, സംയുക്ത ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്, വരവ്ചെലവ് കണക്കുകൾ, മെറ്റീരിയൽ അക്കൗണ്ട്, മസ്റ്റർറോൾ, വൗച്ചറുകൾ, എംബുക്ക്, ബില്ല്, ട്രഷറി ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് രേഖകൾ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നു (20/1.3.19). എന്നാൽ നിർവഹണോദ്യോഗസ്ഥ അന്വേഷണത്തിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) 14-ാം വാർഡിൽ എസ്.സി.പി ശ്മശാനം അറ്റകുറ്റപണി (പ്രോജക്ട് 19/18)ക്ക് 316859/-(ട്രഷറി ബിൽ ബുക്ക് 38/19.8.17-കൺവീനർക്ക് 285173/-രൂപ) രൂപ എസ്.സി.പി ഫണ്ട് ചെലവഴിച്ചു. എസ്.സി വികസന ഓഫീസറുടെ ഫീസിബിലിറ്റി സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ ഇല്ല. ശ്മശാനം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് തെളിയിക്കുന്ന രേഖകൾ (ആസ്തി രജിസ്റ്റർ, റവന്യൂ രേഖകൾ) ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ എം.ബുക്ക് (97/16-17) അനുസരിച്ച് 16.35$m^3$ സ്റ്റോൺ റബിൾ പൊളിച്ചതായി കാണിച്ചിരിക്കുന്നു. ഇതിൽ 9.45$m^3$ റബിൾ പുനരുപയോഗിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. സാങ്കേതിക നിർദ്ദേശം അനുസരിച്ച് 16.35$m^3$ റബിൾ പൊളിക്കുമ്പോൾ അതിന്റെ 75%-12.3$m^3$-എങ്കിലും പുനരുപയോഗിക്കേണ്ടതാണ്. സാങ്കേതിക നിർദ്ദേശം പാലിക്കാതെ വരുത്തിയ അധികചെലവ് നിർണയിച്ച് കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

ഖണ്ഡികയിൽ വ്യക്തമാക്കിയ അപാകങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് പ്രോജക്ടുകളുടേയും ആകെ ചെലവ് 398385/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭരണവകുപ്പ് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 പ്രോജക്ടുകൾ നടപ്പാക്കിയില്ല; ടാർവില പഞ്ചായത്ത് ഫണ്ടിന് നഷ്ടമായി

ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നല്കിയ രണ്ട് മരാമത്ത് പ്രോജക്ടുകൾ ഓഡിറ്റ് വർഷം നടപ്പാക്കിയില്ല. തുടർ പദ്ധതിയായി ഈ പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങാത്തതിനാൽ നല്കിയ ടാറിന്റെ വില ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമായി.

164/17, 166/17എന്നീ രണ്ട് മരാമത്ത് പ്രോജക്ടുകൾക്ക് 2016-17-ൽ ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നല്കിയിരുന്നു. തുടർ പ്രോജക്ടുകളായി ഇവക്ക് 2017-18-ൽ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ആ സാമ്പത്തിക വർഷം രണ്ട് പ്രോജക്ടുകളും നടപ്പാക്കിയില്ല. ഈ പ്രോജക്ടുകൾക്ക് നല്കിയ ടാറിന്റെ വിലയാണ് നഷ്ടമായത്.

രണ്ട് പ്രോജക്ടുകൾക്കും 2018-19-ൽ തുടർപദ്ധതിയായി അംഗീകാരം വാങ്ങിയിട്ടില്ല. മൂന്ന് വർഷം കഴിഞ്ഞതിനാൽ ഇവക്ക് ഇനി അംഗീകാരം ലഭിക്കില്ല. മാത്രമല്ല 2017-18-ന്റെ തുടക്കത്തിൽ നല്കിയ ടാറിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടതിനാൽ ഇത് ഉപയോഗിച്ച് പ്രോജക്ടുകൾ പൂർത്തിയാക്കാനും കഴിയില്ല. അതിനാൽ പ്രോജക്ടുകൾക്ക് നല്കിയ ടാർ ഗ്രാമപഞ്ചായത്തിന് നഷ്ടമാണ്.

പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പ്രോജക്ടുകൾ ഗുണ.സമിതിയാണോ കരാറുകാരാണോ നിർവഹിച്ചതെന്ന് വ്യക്തമല്ല.ടാർ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

2016-17 ൽ ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നല്കിയ 21 പ്രോജക്ടുകളിൽ ഉൾപ്പെട്ടതാണ് ഈ രണ്ട് പ്രോജക്ടുകൾ. ബാക്കി 19 പ്രോജക്ടുകളും ഗുണഭോക്തൃസമിതിയാണ് നിർവഹിച്ചത്. അതിനാൽ ഇവയും ഗുണഭോക്തൃസമിതി നിർവ്വഹണമായി അംഗീകരിക്കപ്പെട്ടിരിക്കാം.

ടാർ നല്കിയ പ്രോജക്ടുകളുടെ ഫയലുകളും ആർക്കാണ് ടാർ നല്കിയ തെന്ന് തെളിയിക്കുന്ന വ്യക്തമായ രേഖകളും സൂക്ഷിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതിലൂടെ ക്രമക്കേടിന് പഴുതൊരുക്കുകയായിരുന്നോ എന്ന് ഭരണവകുപ്പ് അന്വേഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടം താഴെ നിർണയിച്ചിരിക്കുന്നു.

| പ്രോജക്ട് | ചെലവ്(2016-17) | ടാറിന്റെ അളവ് | ടാറിന്റെ വില* |
|---|---|---|---|
| 164/17-6-ാം വാർഡിൽ വൈദ്യശാലപടി റോഡ് പുനരുദ്ധാരണം. (54/18) | 17730/-രൂപ (എം.ജി റോഡ്)<br>ട്രഷറി ബിൽ.19/17, 20.03.17- 16012/-രൂപ<br>ട്രഷറി ബിൽ 20/17, 20.3.17-1718/-രൂപ | RS1-43.875 KG<br>VG30-411.45 KG | 2500<br>22432 |
| 166/17-പതാരശ്ശേരിപടി-അത്തിമൂട്ടിൽപടി റോഡ് പുനരുദ്ധാരണം. (56/18) | 27634/-രൂപ<br>(തനത് ഫണ്ട്) | RS1-67.5 KG<br>VG30-633 KG | 3846<br>34511 |
| ആകെ | | | 63289 |

(*എസ് എസ് 1- 59.50രൂപ/കിലോ, ആർ.എസ്1 – 56.98രൂ/കിലോ, വിജി 30-54.52രൂപ/കിലോ നിരക്കിലാണ് ടാർ നല്കിയ മറ്റ് 19 പ്രോജക്ടുകളിൽ ടാറിന്റെ വില ഈടാക്കിയത്. ഈ നിരക്കിലാണ് നഷ്ടം നിർണ്ണയിച്ചിരിക്കുന്നത്.)

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു.

നഷ്ടം-63289/-രൂപയും അതിന്റെ പലിശയും 2017-18-ൽ പ്രോജക്ടുകൾ നടപ്പാക്കുകയോ നല്കിയ ടാറിന്റെ വില തിരികെ ഈടാക്കുകയോ ചെയ്യാതിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തുല്യബാധ്യതയായി ഓഡിറ്റിൽ നിർണ്ണയിക്കുന്നു.

## 3-17 ടാറിന്റെ വില ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നല്കിയ മരാമത്ത് പ്രോജക്ടിൽ ടാർവില തിരികെ ഈടാക്കിയതിൽ കുറവ്.

ഗുണഭോക്തൃസമിതി നിർവഹിച്ച 2017-18 -ലെ പുതുപ്പറമ്പിൽ പടി ഉണ്ടിൽ പടി റോഡ് ടാറിംഗ് (പ്രോജക്ട്-44/18) ലാണ് കുറവ്.

പ്രോജക്ടിന് ഗ്രാമപഞ്ചായത്ത് ടാർ വാങ്ങി നല്കിയതായി രേഖയുണ്ട്. പ്രോജക്ടിന്റെ എം.ബുക്കി(19/17-18)ലെ രേഖപ്പെടുത്തൽ അനുസരിച്ച് നല്കിയ ടാറും അതിന് ഈടാക്കേണ്ടിയിരുന്ന വിലയും താഴെ ചേർക്കുന്നു (പ്രോജക്ടിന് ആകെ 231227/-രൂപ ചെലവഴിച്ചു. ബിൽ 49/6.11.17).

ss1 235.95kg x 59.50=14039/-രൂപ

rs1 81.68kg x 56.98=4653.84/-രൂപ

vg30 765.93kg x 54.52=41758.50രൂപ

ആകെ 60451.34രൂ

എം.ബുക്ക് അനുസരിച്ച് ടാറിന്റെ വില ഈടാക്കിയത് 58881/-രൂപയാണ്. കുറവ്-1570/-രൂപ. കുറവ് തുക

ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഉണ്ടായ നഷ്ടമായും അതിന് ഉത്തരവാദി അസിസ്റ്റന്റ് എഞ്ചിനീയറായും ഓഡിറ്റിൽ നിർണ്ണയിക്കുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (28/5.3.19)നല്കിയിരുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | അങ്കണവാടി പോഷകാഹാര പദ്ധതി പാലിയേറ്റീവ് | 249823 | 50177 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | 00 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | കുടിവെള്ള വിതരണം പൈപ്പ് ലൈൻ വലിക്കൽ | | 721164 | | 721164 |
| കെഎസ്സ്ഇബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | | 517120 | | 517120 |
| പിഡബ്ല്യൂഡി ഇലക്ട്രിക്കൽ | അംഗൻവാടി വയറിംഗ്(59,60) ആറിൽചിറ അംഗൻവാടി വയറിംഗ് | | 112500 | | 112500 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | ഇല്ല | | | |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,517/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഓഡിറ്റ് റിക്കവറിയിനത്തിലുള്ള ഈ വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-11 | 1667 | - | 118010101161/14.8.18 |
| 2016-17 | 3-4 | 850/- | ഓമന, എ.ഇ | 117010101614/ 13.10.17 |
| ആകെ | | 2517/- | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41428684 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46337144 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 333449 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4444006 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക<br>സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 16720 | എസ്.സിന്ധു, സെക്രട്ടറി |
| 3-6 | 67925 | എസ്.സിന്ധു, സെക്രട്ടറി |
| 3-10 | 3069 | സിനി.എസ്.നായർ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-14 | 123565 | മുംതാസ്,വി.എസ്.പ്രിയങ്ക, അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി |
| 3-16 | 63289 | വി.എസ്.പ്രിയങ്ക, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | 58881 | വി.എസ്.പ്രിയങ്ക, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 333449 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 3-2 | 43700 | എസ്.സിന്ധു, സെക്രട്ടറി |
| 3-3 | 42400 | എസ്.സിന്ധു, സെക്രട്ടറി |
| 3-3 | 49600 | എസ്.സിന്ധു, സെക്രട്ടറി |
| 3-4 | 6500 | എസ്.സിന്ധു, സെക്രട്ടറി |
| 3-5 | 22960 | എസ്.സിന്ധു, സെക്രട്ടറി |
| 3-5 | 134550 | എസ്.സിന്ധു, സെക്രട്ടറി |
| 3-6 | 179011 | എസ്.സിന്ധു, സെക്രട്ടറി |
| 3-7 | 180000 | സുരേഷ്.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 1035854 | ആനിമാത്യു, കൃഷി ഓഫീസർ |
| 3-9 | 2351046 | അനില സുരേഷ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-15 | 398385 | പ്രിയങ്ക.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.സിന്ധു, സെക്രട്ടറി | സെക്രട്ടറി, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് | കല്ലംപറമ്പിൽ, ഏവൂർ തെക്ക്, കീരിക്കാട് പി.ഒ, ആലപ്പുഴ |
| സിനി.എസ്.നായർ, ഡയറി ഫാം ഇൻസ്പക്ടർ | ഡയറി ഫാം ഇൻസ്പക്ടർ, വെളിയനാട് ബ്ലോക്ക് | ശ്രീശൈലം, കലവൂർ.പി.ഒ, ആലപ്പുഴ |
| മുംതാസ്.എം, അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | ടി.സി.24/590, തൈക്കാട്, തിരുവനന്തപുരം. മൊ.നം.9495121876 |
| പ്രിയങ്ക.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തകഴി ഗ്രാമപഞ്ചായത്ത് | വൈജയന്ത്, T.C.11/1665, തരാച്ചിറ റോഡ്, കവടിയാർ പി.ഒ, തിരുവനന്തപുരം – 695003 |
| അഡ്വ. ജനൂബ് പുഷ്കരൻ,പ്രസിഡന്റ് | - | പട്ടത്താനം, തലവടി,ആനപ്രമ്പാൽ നോർത്ത് 689572 |
| ഷീനാ എലിസബത്ത് ജേക്കബ് | - | തോട്ടുകടവിൽ ഹൌസ്, കാരിക്കുഴി - 689571 |
| ജിജി തോമസ് പ്രസാദ്, വൈസ് പ്രസിഡന്റ് | - | പുത്തൻപുരയ്ക്കൽ, നടുവിലേമുറി, തലവടി - 689572 |
| പ്രകാശ് പനവേലി | - | ചിറമേൽപനവേലി, നടുവിലേമുറി, തലവടി - 689572 |
| ബിനു സുരേഷ് | - | തട്ടങ്ങാട്ട്, ആനപ്രമ്പാൽ, തലവടി -689572 |
| ബാബു വലിയവീടൻ | - | വലിയവീട്ടിൽ, തലവടി, നീരേറ്റുപുറം. പി. ഒ (689571) |
| അനുരൂപ് (കൊച്ചുഞ്ഞു മരങ്ങാട്ട്) | - | തെക്കേ മരങ്ങാട്ട്, തലവടി, മാണത്തറ, 689572 |
| മണിദാസ് | - | വട്ടമ്മക്കുഴി, തലവടി, തലവടി. പി. ഒ, 689572 |
| രമാ മോഹനൻ | - | ഇടയത്ര, തലവടി, തലവടി. പി. ഒ. 689572 |
| അജിത് കുമാർ | - | പിഷാരത്ത്, തലവടി, തലവടി. പി. ഒ 689572 |
| പി. കെ. വർഗ്ഗീസ് | - | പാലപ്പറമ്പിൽ, തലവടി, ആനപ്രമ്പാൽ നോർത്ത് |

| | | |
|---|---|---|
| | | പി. ഒ. 689571 |
| പ്രിയ അരുൺ | - | പുന്നശ്ശേരിൽ,<br>തലവടി, തലവടി. പി. ഒ. 689572 |
| സുഷമ സുധാകരൻ | - | എരുമത്ര,<br>തലവടി,<br>ആനപ്രമ്പാൽ നോർത്ത്<br>പി. ഒ. 689571 |
| ദിനു വിനോദ്,<br>ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ. | - | വാലേൽപുത്തൻപറമ്പിൽ,<br>തലവടി, ആനപ്രമ്പാൽ നോർത്ത് പി. ഒ. 689571 |
| ബി. രാജഗോപാൽ,<br>അസിസ്റ്റന്റ് സെക്രട്ടറി | - | ലക്ഷ്മി നിവാസ്, പുതുപ്പള്ളി പി.ഒ, കായംകുളം, ആലപ്പുഴ |
| അനിലാ ശശിധരൻ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | - | പുലരി, കൊറ്റംകുളങ്ങര, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97, 97-98 | എൽ.എഫ്.ജി.എ5/1832/11/31.1.12 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 03-04 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2005-06 മുതൽ 2010-2011വരെ | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2011-12, 12-13 | എൽ.എഫ്.എ.പി 1/755/2014/30.7.14/4.10.14 |
| 2013-2014 | കെ.എസ്.എ/എ.എൽ.പി/പി 1/214/16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.11/827/16/29.7.16 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി.11/1333/16/26.11.16 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.11/1127/17/11.09.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം.1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(64)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തലവടി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 – ൽ രേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്